# കാമ്പസ് ടോക്ക് സീരീസ്



മധുരിക്കുന്ന ഓർമ്മകളുടെ നിറപുഞ്ചിരിയാണ് ബാല്യം എന്ന് പറയാം. അതേ സമയം തന്നെ നൊമ്പരങ്ങളുടെയും ദുരന്തങ്ങളുടെയും നേർകാഴ്ചയായി ബാല്യം മാറുന്നു എന്നതും സത്യം തന്നെയാണ്. ഏതൊരു വ്യക്തിയും മനസ്സിൽ താലോലിക്കുന്ന ബാല്യകാലഘട്ടത്തെ കുറിച്ച് കൂടുതൽ അറിയാനാണ് മലബാറിലെ പ്രശസ്തമായ നാല് കലാലയങ്ങളിൽ ഫാറൂഖ് കോളേജ് മാഗസിൻ പ്രവർത്തകർ കാമ്പസ് ചർച്ചാപരമ്പര നടത്തിയത്

ബാല്യത്തിന്റെ ഓർമ്മകളും മറ്റും ഞങ്ങൾ പങ്കുവെച്ചത് മീഞ്ചന്ത ഗവ: ആർട്സ് കോളേജിൽ വെച്ചാണ്. ഒരു പെൺകുട്ടിയുടെ ബാല്യകാലം എങ്ങിനെയാണെന്നും മറ്റും ഞങ്ങൾ പരിശോധിച്ചത് മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിലെ വിദ്യാർത്ഥിനികളുമായിരുന്നു. ഫാറൂഖ് ട്രെയിനിംഗ് കോളേജിലെ അധ്യാപിക വിദ്യാർത്ഥികളുമായി ഞങ്ങൾ സംവദിച്ചത് സാഹിത്യത്തിലെ ബാല്യത്തെപ്പറ്റിയാണ്. അതേ പോലെ തന്നെ സിനിമയിലെ ബാല്യചിത്രീകരണത്തെപ്പറ്റി ചർച്ച നടത്തിയത് ഫാറൂഖ് കോളേജിലെ വിദ്യാർത്ഥികളുമായാണ്. ചർച്ച പരമ്പര അടുത്ത പേജ് മുതൽ.......

ശർഷാദ്, ദിൽറുബ. കെ, ഷജീന. എം




# കളിപ്പാട്ടം

## ഗവ:ആർട്സ് കോളേജ്, മീഞ്ചന്ത

നാഷണൽ ഹൈവേയിലൂടെ ചീറിപ്പായുന്ന വാഹനങ്ങളുടെ ശബ്ദ കോലാഹലങ്ങൾക്കിടയിലും ശാന്തമായ പ്രകൃതിസുന്ദരമായ അന്തരീക്ഷത്തിൽ, മലബാറിന്റെ തലസ്ഥാനനഗരമായി അറിയപ്പെടുന്ന കോഴിക്കോടിന്റെ വിരിമാറിൽ, പഴമയുടെ പ്രൗഢിയുമായി തെളിഞ്ഞ് നിൽക്കുന്ന മീഞ്ചന്ത ആർട്സ് കോളേജിന്റെ അന്തരീക്ഷത്തിൽ നഷ്ടപ്പെട്ടുപോയ ബാല്യകാലത്തിന്റെ സുന്ദര സ്മരണകൾ നൈർമല്ല്യം നിറഞ്ഞ കോടമഞ്ഞ് കണക്കെ തിങ്ങിനിൽക്കുന്ന സമയം...

“മനുഷ്യജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലമാണ് അവന്റെ ബാല്യകാലം. ഒപ്പം മനുഷ്യന് അവന്റെ ജീവിതത്തിലുണ്ടായ ഏറ്റവും വലിയ നഷ്ടവും, ‘നഷ്ടപ്പെട്ട് പോയ ബാല്യവും പെയ്തൊഴിഞ്ഞ മഴയെയും തിരിച്ചു നൽകാമെങ്കിൽ ജീവിതത്തിൽ നേടിയതെല്ലാം ഞാൻ നിങ്ങൾക്ക് തരാം’ എന്ന കവിവചനം ഇതാണ് സൂചിപ്പിക്കുന്നത്. എന്നാൽ കഴിഞ്ഞ തലമുറ ആസ്വദിച്ച ഒരു ബാല്യം ഇന്നത്തെ തലമുറക്ക് നഷ്ടപ്പെട്ടു പോയിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ചളി വെള്ളത്തിൽ ചവിട്ടി വെള്ളം തെറിപ്പിച്ചും പുള്ളിക്കുട ചൂടിയും സ്കൂളിൽ പോയിരുന്ന ബാല്യ

ത്തിൽ നിന്നും Pack ചെയ്ത് വീട്ടുമുറ്റത്ത് നിന്ന് ബസ്സിൽ കയറ്റിവിടുന്ന ബ്രാന്റഡ് വസ്തുകൾ കണക്കെ വർത്തമാനകാല ബാല്യം മാറുമ്പോൾ അവർക്കു നാം നിഷേധിക്കുന്നത് ജീവിതത്തിലെ സ്വർഗ്ഗീയ കാലമാണ്" എന്ന് മോഡറേറ്ററുടെ പരിചയപ്പെടുത്തൽ...

ചർച്ചക്ക് തുടക്കമിട്ടുകൊണ്ട് രണ്ടാംവർഷ ബി.കോം വിദ്യാർത്ഥി, ജസിം പറഞ്ഞു: "ബാല്യം ഓരോ മനുഷ്യന്റെയും ഉള്ളിൽ ഗൃഹാതുരത്വമുണർത്തുന്ന ഒരു അനുഭൂതിയാണ്. നിഷ്കളങ്കമായ ഭാവത്തിൽ അധിഷ്ടിതമായുള്ള ബാല്യമാണ് ഏറ്റവും സ്വതന്ത്ര്യസ്വഭാവമുള്ളത്. ബാല്യകാലം പൂക്കൾപോലെയും പ്രകൃതിപോലെയും സുന്ദരമായ ഒരനുഭൂതിയാണ്. പ്രകൃതിയെ ഒരു മനുഷ്യൻ അടുത്തറിയുന്ന പ്രായമാണ് ബാല്യം. ബാല്യമാണ് മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ അനുഭൂതി. അതിനപ്പുറത്തേക്ക് മറ്റൊരു അനുഭൂതിയുമില്ല". ഈ വാക്കുകളോട് പ്രതികൂലമായാണ് രണ്ടാം വർഷ അറബിക്ക് വിദ്യാർത്ഥിനി ഷഹീന പ്രതികരിച്ചത്. ബാല്യം സ്വതന്ത്ര്യമാണെന്ന് അഭിപ്രായത്തോടുള്ള വിയോജിപ്പ് അവൾ, "ഒരു കുട്ടി വളർന്ന് പക്വത എത്തും വരെ മാതാപിതാക്കളുടെ നിയന്ത്രണത്തിലാണ് അവൻ" എന്നതിലൂടെ വ്യക്തമാക്കി.

'കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും അണുകുടുംബവ്യവസ്ഥയിലേക്ക് നമ്മുടെ സമൂഹം ഇന്ന് മാറിയിരിക്കുന്നു. ഈ പ്രവണത ബാല്യത്തെ എങ്ങനെ ബാധിക്കുന്നു'എന്ന നിഹാദ് മോന്റെ ചോദ്യത്തിന് മറുപടി പറഞ്ഞത് രണ്ടാം വർഷ അറബിക്ക് വിദ്യാർത്ഥിനി, മിലിയ ആയിരുന്നു. "കൂട്ടുകുടുംബത്തിലെ അംഗങ്ങൾ തമ്മിൽ വളരെയധികം അടുപ്പമുണ്ടാകും. കൂട്ടുകൂടലുകളുടെ ബാല്യം അർത്ഥപൂർണ്ണമാകുന്നത് തന്നെ കൂട്ടുകുടുംബത്തിലാണ്. സങ്കടവും സന്തോഷവും തുല്ല്യമായി വീതിച്ചെടുത്ത കൂട്ടുകുടുംബങ്ങൾ മൺമറയുമ്പോൾ പങ്കുവെക്കലുകളുടെ ബാല്യവും മിഥ്യയാവുന്നു" എന്നായിരുന്നു മിലിയയുടെ അഭിപ്രായം.

രണ്ടാം വർഷ സാമ്പത്തികശാസ്ത്ര വിദ്യാർത്ഥിനി ജസ്ബിനയുടെ അഭിപ്രായത്തിൽ ബാല്യം അനുപമമായ ഒരനുഭൂതിയാണ്. അവൾക്ക് പറയാനുണ്ടായിരു



ന്നത്, "ഓരോമനുഷ്യനും തന്റെ ജീവിതത്തിന്റെ നാളെകളിൽ ഓർക്കുന്നത് ഈ ബാല്യത്തെയാണ്. ചെറുപ്പത്തിൽ കുട്ടികൾ വളരാൻ ആഗ്രഹിക്കുന്നു, വളർന്നുകഴിഞ്ഞാൽ കളിച്ചു തിമിർത്ത് മതിതീരാത്ത കുട്ടികാലത്തേക്കൊരു വട്ടം കൂടി തിരിച്ച് പോകാൻ ആഗ്രഹിക്കുന്നു. സങ്കടമോ പറഞ്ഞറിയിക്കാനാവാത്ത സന്തോഷമോ മാത്രമാണ് ബാല്യത്തിൽ കുട്ടികൾക്ക് ആകെ പ്രകടിപ്പിക്കാൻ അറിയാവുന്ന വികാരങ്ങൾ. എന്നാൽ കുട്ടികളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും മനസ്സിലാക്കാതെ ഒരുപാട് നിയന്ത്രണങ്ങളുട സങ്കീർണ്ണതയിൽ കൊച്ചുബാല്യത്തെ തളച്ചിടുകയാണ് ഇന്നത്തെ മാതാപിതാക്കൾ. വർധിച്ച് വരുന്ന ഡേ കെയർ സെന്ററുകളും മറ്റും ഇതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്" എന്നായിരുന്നു.

"ബാല്യം എല്ലാവർക്കും സന്തോഷകരമായ ഓർമകൾ നൽകുന്നതാണെന്നും ബാല്യത്തിലേക്ക് മടങ്ങിപോകാൻ എല്ലാവരും ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. എന്നാൽ, ചിലർക്കെങ്കിലും ബാല്യം ഒരു നൊമ്പരമായിരുന്നില്ലേ" യെന്ന ദിലാരയുടെ വാദത്തോട് പ്രതികരിച്ചത് രണ്ടാം വർഷ സാമ്പത്തികശാസ്ത്ര വിദ്യാർത്ഥിനി, ഫാത്തിമ ഷബ്നാസ് ആയിരുന്നു. "രവീന്ദ്രനാഥ ടാഗോറിന്റെ 'വെൻ വിഷൻസ് കം ട്രു'എന്ന കൃതിയിൽ ബാല്യത്തെ കുറിച്ചുള്ള ചില കാര്യങ്ങൾ പരാമർശിക്കുന്നുണ്ട്. പനി വന്നപ്പോൾ അച്ഛനുണ്ടാക്കിക്കൊടുത്ത 'ബിറ്റർ ബ്രൂ' കുടിക്കുന്ന കുട്ടിക്ക് എത്രയും പെട്ടെന്ന് വളർന്ന് അച്ഛൻ ചെയ്യുന്ന കാര്യങ്ങൾ ചെയ്യണമെന്നാണ് ആഗ്രഹം. എന്നാൽ വളർന്നതിന് ശേഷവും കയ്പ്പ് നീര് കുടിച്ചെങ്കിലും സുന്ദരമായ ആ ബാല്യത്തിലേക്ക് മടങ്ങിപ്പോവാനാണ് അയാൾ ആഗ്രഹിക്കുന്നത്" എന്നായിരുന്നു അവൾക്ക് പറയാനുണ്ടായിരുന്നത്.

മൂന്നാം വർഷ ഹിന്ദി വിദ്യാർത്ഥിയായ അഖിൽ ബാബുവിന്റേതായിരുന്നു അടുത്ത അഭിപ്രായം, "ബാല്യകാലമെന്നത് ഒരുപാട് ഓർമകൾ നിറഞ്ഞതാണ്. എത്രയെത്ര കളികളാണ് നമ്മുടെ ബാല്യകാലത്ത് ഉണ്ടായിരുന്നത്. മണ്ണപ്പം ചുട്ടുകളിച്ച, ഗോലികളിച്ച, കൂട്ടുകാരൊത്ത് കുളത്തിൽ നീന്തിത്തുടിച്ച പ്രായം. കുസൃതികാണിച്ച് തല്ല് കൊള്ളുന്ന പ്രായം! എന്നാൽ ഇന്നത്തെ കുട്ടികൾ സദാസമയവും ടിവിയുടെ മുന്നിലാണ്. അവർക്കിന്ന് ഫുട്ബോളും ക്രിക്കറ്റും മാത്രമേ അറിയുകയൊള്ളൂ.

തുടർന്ന് മൂന്നാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ റമീസ് പറഞ്ഞത് ഇങ്ങനെ, "ഓരോ കുട്ടിയുടെയും ബാല്യമിന്ന് ട്യൂഷൻ സെന്ററുകളിൽ ഒതുങ്ങി തീരുകയാണ്. പണ്ട് ചുള്ളിയും കൊള്ളിയും കളിച്ച, തീപ്പെട്ടി ശേഖരിച്ച ബാല്യമൊക്കെ എവിടെയോ നഷ്ടമായിരിക്കുന്നു. അണുകുടുംബവ്യവസ്ഥയിൽ മാതാപിതാക്കളുടെ ലക്ഷ്യം കുട്ടികളെ സദാസമയവും ഇരുത്തി പഠിപ്പിക്കുകയെന്നത് മാത്രമാണ്. അഹങ്കാരമോ ജാഡയോ ഇല്ലാത്ത ബാല്യം ഇന്നില്ല. ബാല്യം എന്താണെന്ന് പോലും ഇന്നത്തെ കുട്ടികൾക്ക് അറിയില്ല".

'പണ്ട് നമ്മുടെ പ്രശ്നങ്ങൾ എല്ലാം നാം നമ്മുടെ മാതാപിതാക്കളോടാണ് തുറന്ന് പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാകാര്യങ്ങളും അറിയുന്നത് നമ്മുടെ കൂട്ടുകാർക്കാണ്. ഇതിന് കാരണമെന്തെ'ന്ന ഷജീനയുടെ ചോദ്യത്തിന് ഉത്തരം

നൽകിയത് മൂന്നാം വർഷ ചരിത്ര വിദ്യാർത്ഥിനിയായ മനാലാണ്. "ഇന്ന് മിക്ക മാതാപിതാക്കൾക്കും ജോലിയുണ്ട്. കുട്ടികളുണ്ട് കൂടെ അവർ ചെലവഴിക്കുന്ന സമയം വളരെ കുറവാണ്. അത് കൊണ്ട് തന്നെ കുട്ടികളുടെ പ്രശ്നങ്ങൾ അവർ അറിയുന്നില്ല. അവർക്ക് അതിന് സമയമില്ല. അത് കൊണ്ടാണ് നാം നമ്മുടെ എല്ലാ പ്രശ്നങ്ങളും നമ്മുടെ കൂട്ടുകാരോട് പറയേണ്ട അവസ്ഥ വരുന്നത്". ഈ പ്രസ്ഥാവനയിലൂടെ മനാൽ സമൂഹത്തിനു നേരെ തന്റെ ചൂണ്ടുവിരൽ ഉയർത്തുകയാണ്.

രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനിയായ സജ്നയാണ് ഇതിനെതുടർന്ന് സംസാരിച്ചത്. "ജോലിക്ക് പോവുന്ന മാതാപിതാക്കൾ ഇന്ന് തങ്ങളുടെ മക്കളെ വിശ്വാസപൂർവ്വം ഏൽപിക്കുന്നത് ബോർഡിങ് സ്കൂളുകളെയാണ്. ഇത്തരത്തിൽ ബാല്യത്തിൽ തന്നെ മാതാപിതാക്കളിൽ നിന്നും അകറ്റി നിർത്തപ്പെടുന്ന കുട്ടികൾക്ക് അവരുമായുള്ള ബന്ധം കുറയുന്നു. ടിവി പോലുള്ള മാധ്യമങ്ങളും ബാല്യകാലത്തെ സ്വാധീനിക്കുന്നു. മാധ്യമങ്ങളുടെ ഇടപെടലുകൾ തന്നെയാണ് നിഷ്കളങ്കമായ ബാല്യത്തിൽനിന്നും കളങ്കിത ബാല്യത്തിലേക്കുള്ള പ്രയാണത്തിന്റെ ഉത്തരവാദി".

എന്നാൽ മിലിയയുടെ അഭിപ്രായം വളരെ ശക്തമാണ്, "ഇന്ന് മാതാപിതാകൾക്ക് തങ്ങളുടെ കുട്ടികളെ ഡോക്ടറോ എഞ്ചിനീയറോ മറ്റോ ആക്കണം എന്ന ആഗ്രഹം മാത്രമേയുള്ളൂ. കുട്ടികളുടെ താൽപര്യത്തിന് കാത്ത് നിൽക്കാതെ, കുട്ടികളുടെ താൽപര്യം വക വെക്കാതെ, ബാല്യത്തിൽ തന്നെ അച്ഛനമ്മമാർ അവരുടെ ആഗ്രഹ സാഫല്യത്തിനായി കുട്ടികളുടെമേൽ സമ്മർദ്ദം ചെലുത്തുന്നു".

ദിൽറുബയുടെ ശക്തമായ മറ്റൊരു ചോദ്യത്തിലൂടെ ചർച്ചവീണ്ടും സജീവമാവുന്ന കാഴ്ചയാണ് കണ്ടത്. 'നാം നമ്മുടെ ഭാവിയിൽ എന്തായിത്തീരുന്നുവോ, അതിന്റെ ഡ്രസ് റിഹേഴ്സലാണ് ബാല്യമെന്ന് തോന്നിട്ടുണ്ട്. ബാല്യത്തിൽ നാം കുട്ടിപ്പുര കെട്ടുകയും ചോറു വെക്കുകയും അമ്മയും അച്ഛനുമായി കളിക്കുകയും



ചെയ്യുന്നു. അത് കൊണ്ട് തന്നെ ജീവിതത്തിന്റെ ചെറിയൊരു പതിപ്പാണ് ബാല്യമെന്ന് പറഞ്ഞുകൂടെ?' രണ്ടാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിയായ ഷഹീലിന് ഇതിനെകുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. "ചെറുപ്പത്തിൽ പലതരം കളികൾ കളിച്ചിരുന്നു. 'സുന്ദരി മൂക്ക് നുള്ളിപ്പോ' 'കുലാകുലാ മുന്തിരി' തുടങ്ങിയ എത്രയെത്ര കളികളാണ്, അയൽവക്കത്തെ കൂട്ടുകാരോടൊത്തുള്ള കളികളും.. എന്നാൽ ഇന്ന് തൊട്ടടുത്ത് വീട്ടിൽ താമസിക്കുന്നവർ ആരെന്നറിയാത്ത അവസ്ഥയാണ്". മൂന്നാം വർഷ വിദ്യാർത്ഥിയായ ഷരീഫിനുമുണ്ടായിരുന്നു ഇതിനെകുറിച്ച് ഒത്തിരി പറയാൻ, "കിലോമീറ്ററുകൾ നടന്നാണ് ഞാനൊക്കെ സ്കൂളിൽ പോയിരുന്നത്. വഴിയിലെ കാഴ്ചകളൊക്കെ കണ്ട് കൂട്ട് കൂടിപോകാൻ നല്ലരസമായിരുന്നു. വയലിലൂടെ കുളിച്ചും തിമർത്തും നടന്ന ആ കാലം മറക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ഓർമകളൊന്നും ഇന്നത്തെ കുട്ടികൾക്കില്ല. വീടിന്റെ മുന്നിൽ നിന്നും സ്കൂൾബസ് കയറിപ്പോകുന്ന അവർ സ്വന്തം നാടിനെപോലും തിരിച്ചറിയുന്നില്ല. ഹോസ്റ്റൽ തടവറയിൽ കഴിയുന്നവർക്ക് പുറം ലോകവുമായുള്ള ബന്ധം തന്നെ നിഷേധിക്കപ്പെടുന്നു".

രാഹുൽ ഉയർത്തുന്ന ഈ ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്. 'പണ്ടൊക്കെ ചെറിയ കുട്ടികളോട് വലുതാകുമ്പോൾ ആരാവണം എന്നു ചോദിച്ചാൽ ഡ്രൈവറാകണം, കണ്ടക്ടറാകണം എന്നൊക്കെയായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ ഇന്ന് ഏതൊരു ചെറിയ കുട്ടിയും ഡോക്ടറോ എഞ്ചിനീയറോ ആകണമെന്ന് പറയും, ഈ മാറ്റത്തിന് കാരണമെന്ത്?'. ഇതിന് ഉത്തരവുമായി എത്തിയത് രണ്ടാംവർഷ അറബിക്ക് വിദ്യാർത്ഥിനിയായ ഷെൽമിയാണ്, "പണ്ടത്തെ ആഗ്രഹങ്ങളെല്ലാം നിസ്വാർത്ഥമായിരുന്നു. എന്തും പങ്ക് വെക്കാനുള്ള മനസ്സ് പോലെതന്നെ, നിഷ്കളങ്കമായ ആഗ്രഹങ്ങളും ബാല്യത്തിന്റെ സവിശേഷതയായിരുന്നു. എന്നാൽ ഇന്ന് ഓരോ കുട്ടിയും സ്വാർത്ഥതയുടെ നടുവിലാണ് വളർന്ന് വരുന്നത്".

അവസാനമായി നിഹാദ് മോനായിരുന്നു ചോദ്യം ഉന്നയിച്ചത്. കുട്ടിക്കാലത്ത് നാം കളിക്കൂട്ടുകാരുമായി പിണങ്ങിയാലും ദേഷ്യം തോന്നിയാലും പെട്ടെന്ന് ഇണങ്ങും. എന്നാൽ ഇന്ന് അവസ്ഥ മറിച്ചാണ്. ആരാണ് ഈ മാറ്റത്തിന് കാരണം?. ജസ്ബിനയുടെ ഉത്തരം ചോദ്യത്തിനെഅനുകൂലിച്ചായിരുന്നു. "നാം ഇന്ന് നമ്മിലേക്ക് തന്നെ ഒതുങ്ങിപ്പോവുകയും മറ്റുള്ളവരെ മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നു. ഇന്നത്തെ കുട്ടികൾക്ക് അവരുടെ മനസ്സിലുള്ള കാര്യങ്ങൾ തുറന്നുപറയാൻ ആരുമില്ല എന്നതും ഇത്തരം പ്രശ്നങ്ങളെ രൂക്ഷമാക്കുന്നു. നാളത്തെ മാതാപിതാക്കളായ നമുക്ക് മാത്രമേ ഇനിയെന്തെങ്കിലും ചെയ്യാൻ പറ്റുകയുള്ളൂ. നമ്മുടെ അറിവ് നമുക്ക് പഴയ അനുഭൂതി നിറഞ്ഞ ബാല്യത്തെ തിരിച്ച് കൊണ്ടുവരുന്നതിനായി വിനിയോഗിക്കാം. ബാല്യം നഷ്ടപ്പെട്ട് പോയതിൽ എല്ലാവരും തുല്യദുഃഖിതരാണെന്ന കാര്യം ചർച്ച വിളിച്ചറിയിച്ചു. സ്വാതന്ത്ര്യത്തിന്റെയും സൗന്ദര്യാത്മകതയുടെയും ബാല്യം നഷ്ടപ്പെട്ട് പോയതാണ് വരുന്ന തലമുറയുടെ ഏറ്റവും വലിയ നഷ്ടം, ഈ നഷ്ടത്തിന് രക്ഷിതാക്കളും സമൂഹവും തുല്യകാരണക്കാരാണ്. എന്നാൽ, കാലത്തിന്റെ സൃഷ്ടി എന്ന നിലയിൽ നാം നിസ്സഹായരാണെന്ന വിലയിരുത്തലോടെ മോഡറേറ്റർ ചർച്ച അവസാനിപ്പിച്ചു.

റാഷിദ. പി.ടി, ഹസ്ന.കെ



# വളപ്പൊട്ട്

## യൂണിറ്റി വിമൻസ് കോളേജ് മഞ്ചേരി

സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമാക്കിയ ഒരു സമൂഹത്തിൽ നിന്നും ഉയർന്നുവന്ന പുരോഗമനചിന്തയുടെ ഫലമായാണ് സ്ത്രീസമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടി മലബാറിൽ ഒരു വിമൻസ് കോളേജ് സ്ഥാപിച്ചത്. 1991- ൽ സ്ഥാപിതമായ മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിന് ചുരുങ്ങിയ കാലയളവ് കൊണ്ട് തന്നെ അതിന്റെ പ്രവർത്തനവീഥിയിൽ ശോഭിക്കാൻ സാധിച്ചു. കേരളത്തിൽ മുസ്‌ലിം മാനേജ്മെന്റിന് കീഴിലുള്ള ഏക വനിതാ ആർട്സ് ആന്റ് സയൻസ് കോളേജായ 'യൂണിറ്റി'യിൽ ഫാറൂഖ് കോളേജ് മാഗസിൻ സമിതി നടത്തിയ കാമ്പസ് സംവാദം വിദ്യാർത്ഥിനികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. 'വളപ്പൊട്ട്' എന്ന മനോഹരമായ തലക്കെട്ടിൽ നടത്തിയ സംവാദം പെൺബാല്യത്തിന്റെ സുന്ദരസുരഭില ഓർമ്മകളിലേക്കുള്ള തിരിച്ചുപോക്കായിരുന്നു. യൂണിറ്റി കോളേജ് സ്റ്റുഡന്റ് എഡിറ്റർ റാഷിദ പി.ടി മോഡറേറ്ററായ സംവാദം മൂന്നാം വർഷ ഇംഗ്ലീഷ് വിദ്യാർത്ഥിനിയായ ഹുസ്ന. കെ.കെ, ഫാറൂഖ് കോളേജ് മാഗസിൻ സമിതി പ്രധിനിതികളായ ഹസ്ന. കെ, ഫായിസ് എന്നിവർ നിയന്ത്രിച്ചു. യൂണിറ്റി കോളേജിന്റെ മനോഹരമായ കാമ്പസിൽ വെച്ചു നടന്ന ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ.

ബാല്യം പിന്നിട്ടവർക്ക് എന്നുമത് നഷ്ടസ്വപ്നമാണ്. പുരോഗമനാശയങ്ങളേയോ പാരമ്പര്യമായ ആചാരങ്ങളെയോ ഒരു പെൺകുട്ടി ചോദ്യം ചെയ്യുമ്പോൾ,

"കുഞ്ഞുകുട്ടിയുടെ ചെറിയ വായിലെ
വലിയ വർത്തമാനങ്ങൾ"

പെണ്ണ് പറഞ്ഞാൽ "അഹങ്കാരി, നിഷേധി!"

വൃദ്ധ പറഞ്ഞാൽ "പണ്ടേ അങ്ങനെ.... ഇപ്പോൾ വാർദ്ധക്യത്തിലെ അസ്വസ്ഥകൾ"

**റാഷിദ പി.ടി** (സ്റ്റുഡന്റ് എഡിറ്റർ)
മൂന്നാം വർഷ ഇംഗ്ലീഷ്

വളപ്പൊട്ടുകൾക്ക് ഒരുപാട് പറയാനുണ്ടായിരുന്നു. 'കുറ്റിയും കോലുമായി' നടന്ന ചെക്കൻസിന്, അത് കേൾക്കാൻ സമയമുണ്ടായിരുന്നില്ല. ഉറ്റവരുടെ സ്നേഹത്തിന്റെ ആഴം കാണാനായി കുപ്പിവളകൾ പൊട്ടിച്ചു നോക്കുമ്പോൾ, വലിയ വളപ്പൊട്ടുകൾ കിട്ടുമ്പോൾ, അവരുടെ സന്തോഷങ്ങൾ ബൗണ്ടറി കടക്കുന്നു.

**ഫർഷാന**
രണ്ടാം വർഷ കോ-ഓപ്പറേറ്റീവ്

പെരുന്നാളിന്റെ മൈലാഞ്ചിക്ക്, പുത്തൻ കുപ്പായങ്ങൾക്ക് മധുരമേറെ... മറ്റുള്ളവർക്കില്ലാത്ത പുള്ളിക്കുത്തുകൾ, ഡിസൈനുകൾ തന്റെ മൈലാഞ്ചിക്കുണ്ടെന്നറിയു



മ്പോൾ, മുഖത്തെ തേങ്ങാപ്പൂളിന് വലിപ്പമേറുന്നു. (ഒരു പക്ഷെ കുശുമ്പുകൾ പെൺപടകളുടെ കുത്തകയായി മാറിയത് ഇവിടെ മുതലായിരിക്കാം).

**ശൗക്കീന**

മൂന്നാം വർഷ രസതന്ത്രം

ഉപ്പയുടെ മുന്നിൽ കാലിൻമേൽ കാൽ കയറ്റിയിരുന്നതിന്, ഉറക്കെപ്പാട്ടുപാടിയതിന്, സഹപാഠി തന്ന പ്രേമലേഖനം വാങ്ങിയതിന്, മനസ്സിൽ മാത്രം അതിനു മറുപടി എഴുതിയതിന് വല്ല്യമ്മയുടെ ശകാരം; "പെണ്ണാണ്, അടങ്ങിയൊതുങ്ങിയിരുന്നോണം. (സ്വാതന്ത്ര്യത്തിന് ഇവിടെ കാണാചങ്ങലകൾ വീഴുന്നു).

**തസ്നീം ഫാത്തിമ**

രണ്ടാം വർഷ ബി.കോം. (സി.എ.)

ആശുപത്രിയിലും അമ്പലങ്ങളിലും നെഞ്ചുരുകിക്കഴിഞ്ഞ ബാല്യത്തിൽ നഷ്ടപ്പെട്ടത് കുപ്പിവളകളുടെ കിലുക്കവും മണ്ണപ്പത്തിന്റെ രുചിയുമായിരുന്നു. വള്ളിനിക്കറിട്ട് മരക്കൊമ്പുകളിൽ കാലു വളച്ചു തൂങ്ങിക്കിടക്കുന്ന ആങ്കുട്ട്യോളെ കാണുമ്പോൾ ശരിക്കും അത്ഭുതമായിരുന്നു. "വല്യപെൺകുട്ടിയായല്ലോ" എന്നു പറഞ്ഞ അമ്മയ്ക്കു മുന്നിൽ നഷ്ടപ്പെട്ട ബാല്യത്തിന്റെ കൊച്ചരിപ്പല്ലു കാണിച്ച് ചിരിച്ചപ്പോഴേക്കും അമ്മ പറഞ്ഞു, ! " ഒച്ച കുറയ്ക്ക്...!"

**മൃതുല**

രണ്ടാം വർഷ ജീവശാസ്ത്രം

കുടുംബജീവിതത്തിലും സമൂഹത്തിലും സ്ത്രീ-പുരുഷ പങ്കാളിത്തം തുല്യമായ അളവിൽ വേണമെന്ന് വിശ്വസിക്കുന്നതിനാൽ പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യസ്ഥാനം നൽകുന്ന ഒരു സാഹചര്യത്തിലാണ് വളർന്നു വന്നത്.

**താര**

മൂന്നാം വർഷ ഇംഗ്ലീഷ്

ആൺകുട്ടികളാണ് മാതാപിതാക്കൾക്ക് ഭാവിയിൽ സഹായകമാകുമെന്ന മിഥ്യാധാരണയിൽ കുടുംബത്തിലെ പെൺകുട്ടികളെ കുറച്ചുകണ്ടു.

**അശ്വതി**

മൂന്നാം വർഷ ചരിത്രം

ആരോഗ്യപരമായും ശാരീരികമായും മാനസികമായും കൂടുതൽ ശ്രദ്ധ ആവശ്യമുള്ളതിനാൽ കുടുംബത്തിൽ പെൺകുട്ടികൾക്ക് പ്രത്യേക പരിഗണനലഭിച്ചിരുന്നു.

**ഹുസ്ന കെ. കെ**

മൂന്നാം വർഷ ഇംഗ്ലീഷ്

പെരുന്നാളിന്റെ മൈലാഞ്ചിക്ക്, പുത്തൻ കുപ്പായങ്ങൾക്ക് മധുരമേറെ... മറ്റുള്ളവർക്കില്ലാത്ത പുള്ളികുത്തുകൾ, ഡിസൈനുകൾ തന്റെ മൈലാഞ്ചിക്കുണ്ടെന്നറിയുമ്പോൾ, മുഖത്തെ തേങ്ങാപ്പൂളിന് വലിപ്പമേറുന്നു. (ഒരു പക്ഷെ കുശുമ്പുകൾ പെൺപടകളുടെ കുത്തകയായി മാറിയത് ഇവിടെ മുതലായിരിക്കാം)

വിദ്യാഭ്യാസം പെൺകുട്ടികൾക്കുള്ളതല്ല' എന്ന പഴഞ്ചൻ വിശ്വാസം മാതാപിതാക്കളെ സ്വാധീനിച്ചിരുന്നു . അതിനാൽ മൂത്ത സഹോദരിമാർക്ക് ഉപരിപഠനം നിഷേധിക്കപ്പെട്ടിരുന്നു.

**ഹുസ്ന പി.**

**മൂന്നാം വർഷ ഇംഗ്ലീഷ്**

വീട്ടു ജോലികളിലും കുടുംബസദസ്സുകളിലും മറ്റെല്ലാ കാര്യങ്ങളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യ പങ്കാളിത്തവും പ്രാധാന്യവും നൽകിയിരുന്നു.

**സർഷ ടി എസ്**

**മൂന്നാം വർഷ ഇംഗ്ലീഷ്**

പെൺകുട്ടികളുടെ ലോകം അടുക്കളയാണെന്ന വിശ്വാസം പിന്തുടരുന്ന മാതാപിതാക്കളായിരുന്നു. ചെറുപ്പം മുതലേ പെൺകുട്ടികളെ എല്ലാ വീട്ടു ജോലികളും ചെയ്യിക്കാൻ ശ്രമിച്ചപ്പോഴും ആൺകുട്ടികളെ സ്വതന്ത്രരായി വിട്ടിരുന്നു.

**വിൻസി**

**മൂന്നാം വർഷ ചരിത്രം**

ആൺ-പെൺ വേർതിരിവില്ലാത്ത ബാല്യം വളരുന്നതോടെ കുപ്പിവളകളും മുത്തുമാലകളും തന്ന് കൂടെ സംരക്ഷിക്കപ്പെടേണ്ടവളെന്ന ബോധം പുരുഷന് നൽകുന്നു.

**ഫൈറൂസ**

**രണ്ടാ വർഷ ഇംഗ്ലീഷ്**

പണ്ട് കുപ്പിവളകൾ ശേഖരിച്ച് നടന്ന്, ചില്ലുകുപ്പിയിലാക്കി കുലുക്കിക്കളിക്കുവാൻ കൗതുകം. ഇന്ന് കുപ്പിവളകൾ പെറുക്കാൻ സമയമെവിടെ?

ഇന്നത്തെ പെൺ തലമുറ സ്വപ്നങ്ങളിൽ കാണുന്നത് മൊബൈൽ ഫോൺ, "അവനെവിളിക്കാൻ!"

അത് അവന്റെ സ്റ്റാറ്റസിന്റെ ചിഹ്നമാണെന്ന വിശ്വാസം

**ഷഹല**

**രണ്ടാം വർഷ ബി കോം (കോ-ഓപ്)**

പെൺകുട്ടികളുടെ ലോകം അടുക്കളയാണെന്ന വിശ്വാസം പിന്തുടരുന്ന മാതാപിതാക്കളായിരുന്നു. ചെറുപ്പം മുതലേ പെൺകുട്ടികളെ എല്ലാ വീട്ടു ജോലികളും ചെയ്യിക്കാൻ ശ്രമിച്ചപ്പോഴും ആൺകുട്ടികളെ സ്വതന്ത്രരായി വിട്ടിരുന്നു.

പോർട്ടർ ബിരുദത്തിന് പഠിക്കുന്ന കുഞ്ഞുങ്ങളുടെ ചെറിയ വലിയ ബാഗുകൾ. പിന്നെ മിനുറ്റുകൾ കണക്കാക്കിയുള്ള പരക്കം പാച്ചിലുകൾ നാട്ടുവഴിയിലെവിടെയോ കളഞ്ഞുപോയ കുപ്പിവളത്തുണ്ടുകളെ ഓർമ്മിപ്പിക്കുന്നു.



പിന്നിത്തുടങ്ങിയ പാവാടത്തുമ്പുയർത്തി കണ്ണാരം പൊത്തിക്കളിച്ച സന്ധ്യകളുടെ നിഴലുകൾ പതുക്കെ തെളിയുന്നു.

സുഖൈന

മൂന്നാം വർഷ ഇംഗ്ലീഷ്

നാട്ടുവഴികളിൽ അലഞ്ഞു തിരിഞ്ഞ് പെറുക്കിക്കൂട്ടിയ വളപ്പൊട്ടുകൾ മഴവില്ലു തീർത്തിരിക്കുന്നു. വേനൽ ചൂടിനാശ്വാസമായെത്തുന്ന നാടൻ മാങ്ങയുടെ ചാറൂറ്റിയിരുന്ന, പലപ്പോഴും വഴിതെറ്റിയെത്തിയിരുന്ന കിനാവുകളോട് സ്വകാര്യം പറഞ്ഞിരുന്ന ഒരു ബാല്യം.

റുഷ്ദ


രണ്ടാം വർഷ ഇംഗ്ലീഷ്

ഹൈടെക് യുഗത്തിന്റെ പടികളിലെവിടെയോ നിറങ്ങളുള്ള ആ ദിനങ്ങൾ കളഞ്ഞു പോയിരിക്കുന്നു. പെണ്ണെന്ന വിവേചനത്തിന് ഇടം കൊടുക്കാത്ത, പൂക്കളും കിനാക്കളുമുള്ള ആ കാലത്തെ നോക്കിയിരിക്കുമ്പോൾ പശ്ചാത്തലത്തിൽ പി. പി രാമചന്ദ്രന്റെ ഒരു കവിതാശകലം ഉയരുന്നു.

“പറയൂ നാട്ടിൻപുറത്തെമാങ്ങകൾക്കെല്ലാം

രുചി ഈ മാംഗോ ഫ്രൂട്ടിക്കുള്ള പോലാണോ”!

ശാക്കിറ.വി.എ, മുനീർ.പി.പി




# എസ്തയും റാഹേലും

## ഫാറൂഖ് ട്രെനിംഗ് കോളേജ്

രാജാഗേറ്റിന്റെ പ്രൗഢിയും കാറ്റാടി മരങ്ങളുടെ മർമ്മരങ്ങളുമുറങ്ങുന്ന ഫാറൂഖാബാദിന്റെ സായാഹ്ന സൗന്ദര്യത്തിൽ ഫാറൂഖ് ട്രെയിനിംഗ് കോളേജ് അങ്കണത്തിൽ എസ്തയും റാഹേലും പുനർജനിക്കുകയായിരുന്നു... ബാല്യത്തിന്റെ കണ്ണീരും ചിരിയുമെന്തെന്ന് തിരിച്ചറിഞ്ഞ മനോഹര സായാഹ്നം... മാമ്പഴച്ചാറ് മണക്കുന്ന മുഖവും, കൊലുസിന്റെ കിളിക്കൊഞ്ചലും, കളിവീടും, മണ്ണപ്പവുമായി ബാല്യം നമ്മിൽ തന്നെയുണ്ടെന്ന് തിരിച്ചറിഞ്ഞ മധുര സായാഹ്നം.


പാത്തുമ്മയുടെ ആടെന്ന വിശ്വവിഖ്യാത കൃതി ബാല്യമെന്തെന്ന ചോദ്യത്തിനുള്ള നിർവ്വചനമാണെന്ന് ട്രെയിനിംഗ് കോളേജ് ചെയർമാൻ കമറുദ്ധീൻ അഭിപ്രായപ്പെട്ടു. ബാല്യത്തിന്റെ ഉൾതുടിപ്പുകൾ തൊട്ടറിഞ്ഞ്, കണ്ണീരും സ്പന്ദനങ്ങളും തിരിച്ചറിഞ്ഞ് അകക്കാമ്പുകൾ ഉൾകൊണ്ട് ബാല്യത്തെ അതിന്റെ ഉന്നതിയിലെത്തിച്ച സാഹിത്യകാരനാണ് ബഷീർ എന്ന് കമറുദ്ധീൻ കൂട്ടിച്ചേർത്തു. അബിയും, പാത്തുകുട്ടിയും, സുഹറയും, മജീദും ഗൃഹാതുരത്വമുണർത്തുന്ന ബാല്യത്തിന്റെ പ്രതീകങ്ങളാണ്... മാമ്പഴമെന്ന ഇമ്മിണി ബല്യ സ്വപ്നവുമാണെന്ന സുഹ്റയും, മജീദും ബാല്യത്തെ അനശ്വരമാക്കിയ കഥാപാത്രങ്ങളാണ്. ഓർമ്മകളിൽ ഓളം തുള്ളിയെത്തുന്ന ബാല്യത്തിന്റെ മഴത്തുള്ളിക്കിലുക്കം വരണ്ട ഹൃദയത്തിലേക്കുള്ള ജീവവായുവാണ്. പാത്തുമ്മയുടെ ആടും ബാല്യകാല സഖിയും യഥാർത്ഥ ബാല്യജീവിതം തുറന്ന് കാണിക്കുന്ന കൃതികളാണ്. ബാല്യത്തിന്റെ നീറുന്ന ഓർമ്മകളിലേക്കുള്ള തിരിച്ചുപോക്കാണ് ബഷീറിന്റെ തൂലികയിൽ ജന്മം കൊണ്ടിട്ടുള്ളത്. എം.ടിയുടെ 'നാലുകെട്ട്'ലെ അപ്പുവിനെയും കമറുദ്ധീൻ എടുത്ത്

കാണിക്കുന്നത്... ബാല്യത്തിന്റെ മനസ്സറിഞ്ഞ എഴുത്തുകാരനായി എം.ടിയെ അദ്ദേഹം അംഗീകരിക്കുന്നു. ബാല്യത്തെ ഓർക്കുന്ന എല്ലാ മനുഷ്യരുടെയും മനസ്സിൽ കുടികൊള്ളുന്ന നഷ്ടബോധവും തങ്ങളുടെ ബാല്യകാലാനുഭവങ്ങളും സാഹിത്യത്തിൽ ജനിക്കുന്ന ബാല്യങ്ങൾക്ക് ഉന്നതമായ പദവി ലഭിക്കാൻ കാരണമാകുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഖലീൽ ജിബ്രാന്റെ അനശ്വരമായ വരികൾ ഉദ്ധരിച്ച് കൊണ്ടാണ് സുബ്രഹ്മണ്യം ചർച്ചക്ക് തുടക്കമിട്ടത്. ഒ.വി. വിജയന്റെ 'അപ്പുക്കിളി' ബാല്യത്തിന്റെ കുസൃതിയും സ്പ്നവുമൊത്തിണങ്ങിയ കഥാപാത്രമാണ്. ഉത്തരവാദിത്വങ്ങളില്ലാതെ, സ്വതന്ത്രമായി പാറി നടക്കുന്ന ബാല്യത്തെ ഏതൊരു സാഹിത്യകാരനും അനാവൃതമാക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചളിയിലും ചേറിലും ജീവിക്കുന്ന ബാല്യരൂപങ്ങൾക്ക് പുനർജീവനേകിയ അതുല്യ പ്രതിഭകളാണ് സാഹിത്യകാരൻമാരെന്ന് സുബ്രഹ്മണ്യം പറഞ്ഞു. എസ്.കെ. പൊറ്റെക്കാടിന്റെ നീലക്കൊടുവേലി തിരഞ്ഞുള്ള രണ്ട് ബാല്യങ്ങളുടെ യാത്ര ബാല്യ സ്വപ്നങ്ങളെ അതുല്യമാക്കുന്നു. കാലഘട്ടത്തിനനുസരിച്ച് ബാല്യത്തെ അവതരിപ്പിക്കുന്നതിൽ മാറ്റം വരുന്നുവെന്നും, ഓരോ മനുഷ്യരിലും നിറമുള്ള ഒരോർമ്മയുടെ ബാക്കിയെന്ന പോലെ നിഷ്കളങ്കതയിൽ തീർത്ത ഒരു കുട്ടി ജീവിച്ചിരിപ്പുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ബാല്യം നിഷ്കളങ്കതയാണെന്ന തത്വമുയർത്തിക്കൊണ്ടാണ് ബിനു തന്റെ വാക്കുകൾക്ക് തിരി കൊളുത്തിയത്. സമൂഹത്തിൽ ജീവിക്കുന്ന യഥാർത്ഥ ബാല്യത്തിന്റെ പ്രതിഫലനമാണ് സാഹിത്യത്തിലൂടെ പുറംലോകമറിയുന്നത്. സാഹിത്യം ചിലപ്പോഴെങ്കിലും ബാല്യത്തെ ചൂഷണം ചെയ്യുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാർക്ക് ട്വയ്നിന്റെ കൃതികൾ ബാല്യത്തെ തുറന്ന് കാണിക്കുന്നു. ബാല്യം ഒരിക്കലും നിഷ്കളങ്കതയല്ല, എന്ന അവകാശ വാദവുമായാണ് രതീഷ് വാക്പയറ്റിനൊരുങ്ങിയത്. കുട്ടികളുടെ മനസ്സ് ഭ്രാന്തമാണെന്നദ്ദേഹം മനക്കരുത്തോടെ പ്രസ്താവിച്ചു. ബാല്യം ഗൃഹാതുരത്വമാണെന്ന് പറഞ്ഞ മലയാളത്തിന്റെ മാനസപുത്രി കമലാ സുരയ്യ, തന്റെ കൃതികളിലൂടെ കുട്ടിത്തത്തിലേക്ക്





നടന്നടുക്കാൻ ശ്രമിച്ചുവെന്നും അദ്ദേഹം പറഞ്ഞു. Grand Thomas തന്റെ കൃതികളിലൂടെ ബാല്യത്തിന്റെ വ്യക്തതയിലേക്കുള്ള സഞ്ചാരത്തെ എടുത്തുയർത്തി കാണിക്കുന്നുവെന്നും അദ്ദേഹം നിസ്സംശയം പറഞ്ഞു. ബാല്യത്തെ പലപ്പോഴും സാഹിത്യത്തിന്റെ ലേബലിൽ വിൽപ്പനയ്ക്ക് വെക്കുന്നുവെന്നും അനുപോൾ അഭിപ്രായപ്പെട്ടു. കുട്ടിയായി ഒരാൾ എഴുതുമ്പോൾ അതിനൊരു നിഷ്കളങ്കത കൈവരുന്നുവെന്നും അവർ പറഞ്ഞു. പ്രകൃതിയുമായി ഇഴുകി ചേർന്നിരിക്കുന്ന ബാല്യ സാഹിത്യത്തിൽ മുഖ്യ കഥാപാത്രങ്ങളാകുന്നുവെന്ന് പറഞ്ഞുകൊണ്ട് ലിസ്ന തന്റെ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തു. പ്രകൃതി അതിന്റെ സംഗീതവും സുഗന്ധവും സത്യവും തിരിച്ചറിയുന്നത് ബാല്യത്തിലൂടെയാണെന്നും ലിസ്ന പറഞ്ഞു.

കുഞ്ഞുണ്ണി മാഷും പോൾ കല്ലാനൂരുമൊക്കെ ബാല്യത്തിനായി തങ്ങളുടെ തൂലിക ചലിപ്പിച്ചവരാണെന്ന് പറഞ്ഞ് കൊണ്ട് ബാസിത് തന്റെ ചർച്ചയാരംഭിച്ചു. പലപ്പോഴും ബാല സാഹിത്യകാരന്മാരെ ഉയർത്തിക്കൊണ്ട് വരേണ്ടത് അനിവാര്യമാണെന്ന് ബിജേഷ് അഭിപ്രായപ്പെട്ടു.

ബാല്യത്തിന്റെ മധുവൂറുന്ന സ്മരണകൾക്ക് തിരശ്ശീല ഉയർത്തിക്കൊണ്ടാണ് ഹഫീഫ് സാർ തന്റെ സംസാരം ആരംഭിച്ചത്. ബാല്യം മധുരമാണെന്നും വിദ്യാഭ്യാസത്തിന്റെ പേരിൽ ബാല്യത്തെ അടിച്ചമർത്തുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സാഹിത്യം ബാല്യത്തിന്റെ തനത് രൂപം അനാവരണം ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രകൃതിയുമായി ഇഴുകി ചേർന്നിരിക്കുന്ന ബാല്യ സാഹിത്യത്തിൽ മുഖ്യ കഥാപാത്രങ്ങളാകുന്നുവെന്ന് പറഞ്ഞുകൊണ്ട് ലിസ്ന തന്റെ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്തു. പ്രകൃതി അതിന്റെ സംഗീതവും സുഗന്ധവും സത്യവും തിരിച്ചറിയുന്നത് ബാല്യത്തിലൂടെയാണെന്നും അവർ അഭിപ്രായപ്പെട്ടു.

സായാഹ്നം സന്ധ്യയാവുകയായിരുന്നു... ഓർമ്മകളിൽ ബാല്യത്തെ ത്രസിപ്പിച്ച് കൊണ്ട് 'എസ്തയും റാഹേലും' പുതിയ സ്മരണകൾ തീർത്തു. ഫാറൂഖാബാദിന്റെ കാറ്റാടിത്തണലിൽ ബാല്യം ശമിക്കാത്ത ദാഹമായി ചർച്ചയിൽ പങ്കെടുത്തവരുടെ ഹൃദയങ്ങളിൽ വിങ്ങലുണർത്തുകയായിരുന്നു. ctrts

നജ്ദ, നസ്റുൽ ഹഖ്




# കുട്ടിക്കുപ്പായം

## ഫാറൂഖ് കോളേജ്

ഏതൊരു മനുഷ്യനും മനസ്സിൽ താലോലിക്കുന്ന സുന്ദര നിമിഷങ്ങളുടെ കളിത്തട്ടാണ് അവന്റെ കുട്ടിക്കാലം. അത് നഷ്ട്ടപ്പെട്ടാലോ എന്ന വേവലാതി അവൻ കൂടെക്കൂടെ പ്രകടിപ്പിക്കാറുണ്ട്. കഥകളിലൂടെയും കവിതകളിലൂടെയും അത് വീണ്ടെടുക്കാൻ ശ്രമിക്കാറുമുണ്ട്. ഈ പ്രായത്തിലും മനസ്സിൽ ബാല്യം കാത്ത് സൂക്ഷിക്കുന്നത് കൊണ്ടാണ് നമ്മുടെയുള്ളിൽ ടോമും ജെറിയും ഇന്നും തുള്ളിച്ചാടിനടക്കുന്നത്. ബാല്യത്തിന്റെ നിഷ്കളങ്കതക്കും കുസൃതികൾക്കും സിനിമയിൽ ഇടമുണ്ട്. സത്യജിത്റേയുടെ 'പഥേർപാഞ്ചാലി' മജീദ് മാജിദിയുടെ 'ചിൽഡ്രൻ ഓഫ് ഹെവൻ' തുടങ്ങിയ ചലചിത്രങ്ങൾ ബാല്യത്തിന്റെ ഭാഷയിൽ ചിത്രീകരിക്കപ്പെട്ടതാണ്. ലോകത്തിൽ ആകെ റിലീസ് ചെയ്യുന്ന പത്ത് ചലചിത്രങ്ങളിൽ രണ്ടെണ്ണം കുട്ടികൾക്കായി നിർമ്മിക്കപെടുന്നവയാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സ്കൂൾ അനുഭവങ്ങൾക്കും കുടുംബപ്രശ്നങ്ങൾക്കും പുറമെ മായാജാലവും മിഥ്യയുമെല്ലാം ഇതിൽ പ്രമേയങ്ങളാവാറുണ്ട്. കുട്ടികൾ മാത്രം ഇഷ്ടപ്പെടുന്നത് കൊണ്ടല്ല ഇത്തരം ചലചിത്രങ്ങൾ സ്വീകരിക്കപ്പെടുന്നത്, മറിച്ച് കുറച്ച് നിമിഷത്തേക്കെങ്കിലും പ്രേക്ഷകനെ ഗൃഹാതുരതയുടെ അവാച്യമായ അനുഭൂതിയിലലിയിക്കുന്നത് കൊണ്ട് കൂടിയാണ്. ഒരു ഫ്ളാഷ് ബാക്ക്...

നജ്ദ. എ (മോഡറേറ്റർ): ഒരു മനുഷ്യന്റെ ജീവിതത്തിലെ എല്ലാഘട്ടങ്ങളും പകർത്തിയെടുക്കാൻ ഒരു സിനിമയിലൂടെ സാധിക്കും. കുട്ടിക്കാലം സിനിമയിൽ എങ്ങനെയാണ് അവതരിപ്പിക്കുന്നത് എന്നതിനെ കുറിച്ചാണ് നാം ഇവിടെ ചർച്ചചെയ്യേണ്ടിയിരിക്കുന്നത്. കുട്ടികളുടെ പ്രാധാന്യം തുറന്നു കാണിക്കുന്ന ഒരുപിടി നല്ല ചലചിത്രങ്ങൾ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ബാല്യത്തിന്റെ നിഷകളങ്കതയും, നേരിടുന്ന പ്രതിസന്ധികളും ഇത്തരം സിനിമകൾ പ്രതിഫലിപ്പിക്കുന്നു.

മുജീബ് റഹ്മാൻ/ഒന്നാംവർഷ രസതന്ത്രം: കുട്ടികളെ കുറിച്ചുള്ള ചലചിത്രത്തെപ്പറ്റി ഓർക്കുമ്പോൾ 'സ്ലം ഡോഗ് മില്ല്യണയർ' എന്ന ചലചിത്രമാണ് ഓർമ്മ വരുന്നത്. മുംബൈ തെരുവ്, അവിടുത്തെ കുട്ടികളുടെ സങ്കീർണ്ണമായ ജീവിതം ഇതെല്ലാം മനോഹരമായ രീതിയിൽ ഡാനിബോയ് ഈ ചിത്രത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ഹിഷാം/ഒന്നാംവർഷ സ്റ്റാറ്റിസ്റ്റിക്സ്: 'സ്ലം ഡോഗ് മില്ല്യണയർ' എന്ന ചലചിത്രത്തിന്റെ കാര്യം തന്നെയെടുക്കാം. അതിൽ അഭിനയിച്ച കുട്ടികളിൽ പലർക്കും പിന്നീട് പല ഭാഗത്തുനിന്നും അവഗണനയാണ് നേരിടേണ്ടി വന്നത്. ഈ ചിത്രത്തിലെ ബാലതാരമായ റുബീന അലിയെ സ്വന്തം പിതാവ് എത്രയോ കോടി രൂപക്ക് മറ്റൊരാൾക്ക് വിൽക്കാൻ ശ്രമിച്ചത് പത്രങ്ങളിൽ വാർത്തയായിരുന്നു.

ലമീസ്/രണ്ടാംവർഷ രസതന്ത്രം: എനിക്ക് തോന്നുന്നത് ഇന്നത്തെ ചലചിത്രങ്ങളിൽ കുട്ടികളുടെ കുസൃതികളും അവരുടെ നിഷ്കളങ്കതയും അവതരിപ്പിക്കുന്നത് വളരെ കുറവാണ്. പ്രേക്ഷകരെ കയ്യിലെടുക്കാനുള്ള ഒരു 'ടാർജറ്റ്' മാത്രമായി പലപ്പോഴും ബാല കഥാപാത്രങ്ങൾ മാറുന്നു. സിനിമയെ കൂടുതൽ കമ്പോളവൽകരിക്കാനുള്ള ഒരു മാർഗ്ഗം എന്ന് മാത്രം.

മുഹമ്മദ് ജൈസൽ/രണ്ടാംവർഷ മലയാളം: നിഷ്കളങ്കത മറച്ചുപിടിക്കുന്നു





എന്ന് എനിക്ക് തോന്നുന്നില്ല. നിഷ്കളങ്കത മുതലാക്കപ്പെടുകയാണ്. അവരുടെ നിഷ്കളങ്കതയാണ് സിനിമയെ കൂടുതൽ കമ്പോളവൽകരിക്കാൻ ഉപയോഗിക്കുന്നത് എന്നു വേണം പറയാൻ.

അഹമ്മദ് യാസർ/ഒന്നാംവർഷ ബി.കോം: കുട്ടികളെ സംബന്ധിച്ചിടത്തോളം അവരുടെ കഴിവുകളെ പ്രദർശിപ്പിക്കാനുള്ള മാധ്യമമാണ് സിനിമ. നന്നായി അഭിനയിക്കാൻ അറിയുന്ന, നൃത്തം ചെയ്യാൻ അറിയുന്ന, പാടാനറിയുന്ന എത്രയെത്ര കൊച്ചുതാരങ്ങൾ സിനിമയിലൂടെ നമ്മുടെ മനം കവരുന്നുണ്ട്.

ഷാക്കിറ/രണ്ടാംവർഷ ഇംഗ്ലീഷ്: ബാല്യത്തെ സിനിമയിൽ ഉപയോഗിക്കുന്നത് രണ്ട് ജീവിതങ്ങളെ തമ്മിൽ താരതമ്യം ചെയ്യാനാണെന്ന് എനിക്ക് തോന്നുന്നു. കാപട്യം നിറഞ്ഞ വലിയവരുടെ ലോകവും നിഷ്കളങ്കത മാത്രം കൈമുതലായ ചെറിയവരുടെ ലോകവും. പലപ്പോഴും കഥയുടെ വികസനത്തിന് ബാല്യത്തെ ഉപയോഗപ്പെടുത്താറുണ്ട്. ചുരുക്കത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒരു സ്ഥാനം ബാല്യത്തിന് സംവിധായകർ നൽകി കഴിഞ്ഞു.

ജാബിർ/ഒന്നാംവർഷ ഭൗതികശാസ്ത്രം: കുട്ടികളുടെ കഥ നന്നായി പറയുന്ന സിനിമകളിലൂടെ ഇന്ന് വീട്ടിലും പുറത്തും കുട്ടികൾ അനുഭവിച്ചു പോരുന്ന വിഷമതകളെ കുറിച്ച് മനസ്സിലാക്കാം. കുട്ടികളോടുള്ള സഹാനുഭൂതിയും സ്നേഹവും വളർത്താൻ ഇത്തരം സിനിമകൾക്ക് സാധിക്കും

നസ്റുൽ ഹക്ക്/ഒന്നാംവർഷ ഭൗതികശാസ്ത്രം: കുട്ടിക്കഥാപാത്രങ്ങളെ നമ്മൾ മനസ്സിലാക്കുന്നത് ഇത്തരം സിനിമകൾ കാണുമ്പോഴാണ്.

റാഹില/രണ്ടാംവർഷ ഇംഗ്ലീഷ്: അടൂർ, ബെസ്സി പോലുള്ള നല്ല സംവിധായക രിൽ നിന്ന് യാഥാർത്ഥ്യത്തോട് അടുത്ത് നിൽക്കുന്ന ചിത്രങ്ങൾ ലഭിച്ചിട്ടുണ്ട്. ഇന്നത്തെ സമൂഹത്തിന്റെ ആവശ്യകതയായ പോസിറ്റീവ് തിങ്കിങ് ഇത്തരത്തിലുള്ള സിനിമകളിൽ നിന്നും ലഭിക്കുകയും ചെയ്യുന്നു. കാലം മാറുന്നതിനനുസരിച്ച് കാല ത്തിന്റെ തന്നെ പകർപ്പിനെയാണോ ചിത്രത്തിൽ കാണിക്കേണ്ടത്?

ഷാക്കിറ/രണ്ടാംവർഷ ഇംഗ്ലീഷ്: ശരിയാണ്, സിനിമയിലെ ബാല്യത്തിന്റെ മുഖം മാറുന്ന സാഹചര്യമാണ് ഇന്ന് കാണപ്പെടുന്നത്. 'ചെറിയ വായിൽ വലിയ വർത്താമാനം പറയുന്ന' അത്തരം 'സ്വഭാവസവിശേഷത'കളുള്ള ബാല്യങ്ങളെ നാം ഇഷ്ടപ്പെടാൻ തുടങ്ങിയിരിക്കുന്നു. ഇത്തരം ബാല്യങ്ങളുടെ അനുകരണങ്ങളാണ് നമ്മുടെ വീടുകളിൽ നാം കാണുന്നത്. ഇവിടെ നഷ്ടപ്പെടുന്നത് ബാല്യത്തിന്റെ നർമ ത്തെയാണ്. ഒരു ഭാഗത്ത് ബാല്യത്തിന്റെ സ്വപ്നങ്ങളെ വിൽപ്പനയ്ക്ക് വയ്ക്കുന്നെ ങ്കിൽ മറ്റൊരിടത്ത് പുത്തൻ രീതികളെ ബാല്യത്തിന് പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

ദിലാര എം/രണ്ടാംവർഷ ഇംഗ്ലീഷ്: പലപ്പോഴും സിനിമകളെക്കാളേറെ പരസ്യ ങ്ങളിലൂടെയാണ് കുട്ടികൾ ചൂഷണ വിധേയരാവുന്നത്. മുൻപൊക്കെ സുന്ദരികളായ സ്ത്രീമോഡലുകളെ മുൻനിർത്തിയായിരുന്നു സൗന്ദര്യവർദ്ധക വസ്തുക്കൾക്ക് കമ്പോളമുണ്ടാക്കിയിരുന്നത്. എന്നാൽ ഇന്ന് ചില ബാത്ത് സോപ്പുകളുടെയും മറ്റും പരസ്യങ്ങളിൽ മോഡലുകൾ കുട്ടികളാണ്.!

ഹസ്ന/രണ്ടാംവർഷ അറബിക്: ലോകസിനിമയിൽ തന്നെ ഇറാനിയൻ ചിത്ര ങ്ങളെ ശ്രദ്ധിക്കുകയാണെങ്കിൽ കുട്ടികളുടെ ലോകം ഇത്രയധികം ഗൗരവത്തോടെ മറ്റൊരു ഭാഷാചിത്രങ്ങളും ചിത്രീകരിച്ചിട്ടില്ല. മലായാള സിനിമ പോലും!.

അടിപൊളി കാമ്പസുകൾക്ക് തിരകഥയെഴുതിയ സിനിമകൾതന്നെയാണ് പ്രണയത്തിനും സൗഹൃദത്തിനും പണം കൊണ്ട് പുതിയ നിർവചനം നൽകുന്നത് കൗമാരത്തെയെന്ന് പോലെ ബാല്യത്തേയും ഈ പ്രവണതകൾ പരിക്കേൽപ്പിച്ചിട്ടുണ്ട്. സ്വാർത്ഥതയും താൻപോരിമയും മറയാക്കി തന്നിലേക്ക് ചുരുങ്ങുന്ന 'യന്ത്ര'മനുഷ്യൻമാർ രൂപം നൽകിയ 'അൾട്രാ സൊസൈറ്റി'ക്ക് ബദൽ പ്രതീക്ഷയുള്ളത് വരും തലമുറകളിലായതുകൊണ്ട് സിനിമക്കെന്ന പോലെ സിനിമയിലെ ബാല്യത്തിനും ഇനിയും ബാല്യമുണ്ട്.

മുൻപൊക്കെ സുന്ദരികളായ സ്ത്രീമോഡലുകളെ മുൻനിർത്തിയായിരുന്നു സൗന്ദര്യവർദ്ധക വസ്തുക്കൾക്ക് കമ്പോളമുണ്ടാക്കിയിരുന്നതും എന്നാൽ ഇന്ന് ചില ബാത്ത് സോപ്പുകളുടെയും മറ്റും പരസ്യങ്ങളിൽ മോഡലുകൾ കുട്ടികളാണ്.!



# ഖാദർ മങ്ങാടിനൊപ്പം

11 മണിക്ക് കോഴിക്കോട് റയിൽവേ സ്റ്റേഷനിൽ വന്നിറങ്ങുന്ന ഖാദർ മങ്ങാട് സാറിനെ സ്വീകരിക്കാൻ കാത്തുനിന്ന ഞങ്ങളുടെ അടുത്തേക്ക് പുഞ്ചിരി തൂകുന്ന വദനവുമായി ഒരു ഖദർധാരി വന്ന് കൊണ്ട് ചോദിച്ചു, "ഫാറൂഖ് കോളേജിലെ...? ഖാദർ മങ്ങാട് സാർ ആണ് അതെന്ന് മനസ്സിലാക്കിയ ഞങ്ങൾ, കുശലാന്വേഷണത്തിന് ശേഷം ടാക്സിയിൽ ഹബീബ് സെന്ററിലേക്ക് യാത്ര തിരിച്ചു. പത്ത് മിനിറ്റ് നേരത്തെ കാർ യാത്രയിൽ തന്നെ ഞങ്ങൾ തമ്മിൽ ആഴത്തിൽ പരിചയപ്പെട്ടു. വെള്ളയിൽ ഹബീബ് സെന്ററിൽ കാറിറങ്ങിയ ഞങ്ങളെ സ്വീകരിക്കാൻ പി.കെ. ഫിറോസ് സാഹിബ് കാത്ത് നിൽക്കുന്നുണ്ടായിരുന്നു. 11.30 ഓടു കൂടി ഹബീബ് സെന്ററിലെ കൊർദോവ ഹാളിൽ നിശബ്ദതയെ കീറി മുറിച്ച്, ഓർമ്മയിൽ അമൂല്യമായി സൂക്ഷിച്ച ഒത്തിരി നല്ല ഫാറൂഖാബാദ് വിശേഷങ്ങൾ അദ്ദേഹം പറഞ്ഞു തുടങ്ങി.

1980ലാണ് ഫാറൂഖ് കോളേജിൽ എം.എ. ഇംഗ്ലീഷിന് ചേരുന്നത്. ഇനി രാഷ്ട്രീയത്തിലേക്കില്ലെന്ന ഉറച്ച മനസ്സോടെയാണ് വന്ന് കയറിയതെങ്കിലും കാമ്പസിലെ രാഷ്ട്രീയ സൗഹൃദാന്തരീക്ഷം മനസ്സിനെ മാറ്റിമറിച്ചു. ഇത് തന്നെയാണ് തന്റെ 'ഡ്രീം കാമ്പസ്സെന്ന്' മനസ്സിലായപ്പോൾ കാമ്പസിന്റെ ജീവനിലേക്ക് അറിയാതെ ആകർഷിക്കപ്പെട്ടു.

രാഷ്ട്രീയത്തിൽ സജീവമായി, ഇലക്ഷനിൽ മത്സരിച്ചു, UUC ആയി. അന്നത്തെ യൂണിയൻ ചെയർമാനായിരുന്ന സമദാനിയുമായി നല്ല

വ്യക്തി ബന്ധം കാത്തുസൂക്ഷിച്ചിരുന്നു. യൂണിയൻ ഉദ്ഘാടനത്തിന് വന്ന 'കോവിലൻ' സംസാരിക്കാനാരംഭിച്ചപ്പോൾ നിറുത്താതെ കൂവിയ സദസ്സിനെ കാമ്പസിന്റെ സംസ്കാരത്തെ കുറിച്ച് സംസാരിച്ച് ശാന്തരാക്കിയത് സമദാനിയായിരുന്നു. പിന്നീട് വിദ്യാർത്ഥികൾ കോവിലനെ ശ്രദ്ധാപൂർവ്വം കേട്ടിരിക്കുകയും കരഘോഷങ്ങളാൽ ആദരിക്കുകയും ചെയ്തു. 'ഇതെന്തൊരത്ഭുതം!' എന്നായിരുന്നു കോവിലൻ അന്ന് ഇതിനെകുറിച്ച് പ്രതികരിച്ചത്.

യൂണിയൻ ഭാരവാഹികൾ അന്ന് കാമ്പസിന്റെ മാത്രം ഭാരവാഹികളായിരുന്നില്ല. കാമ്പസിന്റെ പല പരിപാടികളും ടാഗോർ ഹാളിലും മറ്റും വെച്ച് നടത്തിയിരുന്നു. അന്നത്തെ പ്രമാദ സാമൂഹിക പ്രശ്നമായിരുന്ന മാവൂരിലെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് 200 ഓളം വരുന്ന വിദ്യാർത്ഥികൾ വഞ്ചിയിൽ മാവൂരിലെത്തി. അവിടത്തെ തൊഴിലാളികളെ പിക്കറ്റ് ചെയ്തു. അവർ വിദ്യാർത്ഥികളെ തല്ലിച്ചതച്ചത് പത്രങ്ങളിൽ ആറ് കോളം വാർത്തയായി വന്നതോടെ ഫാക്ടറി അടച്ചു പൂട്ടലിന്റെ വക്കോളമെത്തി.

രാഷ്ട്രീയത്തിൽ ആദർശ വ്യതിയാനങ്ങൾ അത്യന്താപേക്ഷിതമാണ്. എന്നാലത് ഗ്രൂപ്പ് തിരിഞ്ഞ് വഴക്കടിക്കുന്നതിലേക്കെത്തരുത്. അന്നൊന്നും ജാഥകളിലോ യോഗങ്ങളിലോ മറ്റ് പാർട്ടിക്കാരെ തെറി വിളിക്കുന്ന പതിവില്ലായിരുന്നു. വിദ്യാർത്ഥി നേതാക്കൾ പരസ്പരം 'നേതാവ്' എന്നായിരുന്നു അഭിസംബോധനചെയ്തിരുന്നത്. ഇന്ന് പരസ്പരം മാരകായുധങ്ങൾ എടുക്കുന്ന അവസ്ഥാ വിശേഷമാണുള്ളത്. അന്നത്തെ വിദ്യാർത്ഥി നേതാക്കൾ രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായിരുന്നില്ല. സ്വന്തമായി തീരുമാനം എടുക്കാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നു. അനാവശ്യ പഠിപ്പുമുടക്കലുകൾ അന്ന് കുറവായിരുന്നു. സമര ദിവസം ലൈബ്രറി നിറഞ്ഞു കവിയും. സമരം വിളിച്ചിറങ്ങുന്നവർ പോലും ചെന്ന് കയറിയിരുന്നത്



ലൈബ്രറിയിലായിരുന്നു.

കൾച്ചറൽ ആക്റ്റിവിറ്റീസിൽ ഫാറൂഖ് കോളേജ് അന്നും മുന്നിലായിരുന്നു. അന്നത്തെ ഫൈൻ ആർട്സ് ദിനങ്ങൾ ഉത്സവങ്ങളായിരുന്നു. ഇന്റർസോൺ, ബി-സോൺ വേദികളിൽ ഒപ്പനയുടെയും ഗ്രൂപ്പ് ഡാൻസിന്റെയും നാടകത്തിന്റെയുമൊക്കെ കുത്തക ഫാറൂഖ് കോളേജിനായിരുന്നു. "ഹോസ്റ്റൽ ഡേ"കൾ പോലും ഞങ്ങൾ ഉത്സവങ്ങളായി കൊണ്ടാടി. എ.എൽ.എമ്മിന്റെ ഹോസ്റ്റൽ ഡേ ഉദ്ഘാടനം ചെയ്യുന്നതിനായി സിനിമാതാരം മമ്മൂട്ടിയെപ്പോലുള്ള പ്രമുഖരെ കൊണ്ട് വന്നതായി ഞാൻ ഓർക്കുന്നു.

അന്നത്തെ കാലത്ത് പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടായിരുന്നു. അതൊരു പരിധിവരെ ഇല്ലാതാക്കാൻ ഫാറൂഖ് കോളേജിന് സാധിച്ചിട്ടുണ്ട്. പഠനകാര്യത്തിലും പാഠ്യേതര മേഖലകളിലും അവർക്ക് അർഹമായ പ്രാധാന്യം നൽകി. എല്ലാ രംഗങ്ങളിലും പെൺകുട്ടികൾ വളരെ സജ്ജീവമായിരുന്നു. അന്നത്തെ ആൺപെൺ അനുപാതം 70:30 ആയിരുന്നെങ്കിൽ ഇന്ന് 30:70 ആയിട്ടുണ്ട്.

അഞ്ചാം ക്ലാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി ഞാനെഴുതുന്നത്. അന്ന് 'പണപ്പിശാച്' എന്ന പേരിലൊരു നാടകം എഴുതി അഭിനയിക്കുകയും ചെയ്തു. കവിതാരചന, ചിത്രരചന, ചെറുകഥ, ക്ലേ മോഡലിംഗ് എന്നിവയിലും ഞാൻ താത്പര്യം കാണിച്ചിരുന്നു. കുട്ടികളെ സ്നേഹിക്കുന്ന, തിരിച്ചറിവുള്ള, കുട്ടികളെ മനസ്സിലാക്കുന്ന ഒരധ്യാപകനാകാനായിരുന്നു എന്റെ ആഗ്രഹം. ഇതിനോട് നൂറ് ശതമാനവും നീതി പുലർത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. മാനവികത ചൊല്ലി കൊടുക്കുന്നേടത്താണ് അധ്യാപകന്റെ പ്രസക്തി. സ്നേഹത്തിന്റെയും വിജ്ഞാനത്തിന്റെയും വക്താവാണ് അധ്യാപകൻ. കൂടുതൽ അധ്യാപകർ സജീവ രാഷ്ട്രീയത്തിലിറങ്ങിയാലേ സമൂഹത്തിന്റെ ശുദ്ധീകരണം സാധ്യമാവുകയുള്ളൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

> സ്നേഹത്തിന്റെ അദൃശ്യ സാന്നിധ്യം മറ്റ് കാമ്പസുകളിൽ നിന്ന് ഫാറൂഖ് കോളേജിനെ വ്യത്യസ്തമാക്കുന്നു. സംസ്കാരത്തിന്റെ അളവുകോൽ കൃത്യമായി തിട്ടപ്പെടുത്തിയ കാമ്പസ് രാഷ്ട്രീയം സമൂഹത്തിന്റെ രക്ഷകനാണ് എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ്.


ഒന്നുകിൽ ലൈബ്രറിയിൽ അല്ലെങ്കിൽ അധ്യാപകരുടെ അടുത്ത്, അതായിരുന്നു അന്നത്തെ അധ്യാപക-വിദ്യാർത്ഥി ബന്ധം. അന്നത്തെ പ്രിൻസിപ്പാളായിരുന്ന വി. മുഹമ്മദ് സാർ വിദ്യാർത്ഥി നേതാക്കൾക്ക് പ്രത്യേക പരിഗണന നൽകിയിരുന്നു. അധ്യാപനത്തിനായി സമർപ്പിച്ച ജീവിതമായിരുന്നു അന്നത്തെ അധ്യാപകരുടേത്. ഇന്ന് ചില അധ്യാപകർ രാഷ്ട്രീയത്തെ ശക്തമായ ഭാഷയിൽ വിമർശിക്കുന്നു. അവരിൽ പലരും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വളർന്നു വന്നവരാണ്. അവർ വന്ന വഴി മറക്കുന്നു.

പ്രതീക്ഷയിപ്പോഴും കലാലയങ്ങളിൽ തന്നെയാണ്. ഇന്നും സംസ്കാരത്തിന്റെ പതാകവാഹകർ വിദ്യാർത്ഥികൾ തന്നെയാണ്. എന്നാൽ ഇന്നവർക്ക് പഴയ പോലെ സാമൂഹ്യ പ്രതിബദ്ധതയില്ല. തൊഴിൽ നേടാനുള്ള ഉപാധിയായാണ് പല വിദ്യാർത്ഥികളും വിദ്യാഭ്യാസത്തെ കാണുന്നത്. ഇന്നത്തെ വിദ്യാർത്ഥികൾ പ്രയോജനവാദികളാണ്. ഇന്റേണൽസിനും അറ്റന്റൻസിനും മാത്രമേ അവർക്ക് അധ്യാപകരെ ആവശ്യമുള്ളൂ. വ്യക്തി ബന്ധങ്ങളെ വളരെ ലാഘവത്തോടെയാണ് അവർ നോക്കിക്കാണുന്നത്. ഒരു മെസ്സേജ് ഡിലീറ്റ് ചെയ്യുന്ന ലാഘവത്തോടെയാണ് അവർ ബന്ധങ്ങൾ വിച്ഛേദിക്കുന്നത്. ഇന്നത്തേത് മൊബൈൽ പ്രണയമാണ്. എന്നാലതിന്റെ നല്ലവശം എന്നത് SMS-ഉകൾ Language Development ന് വളരെ നല്ല മുതൽ കൂട്ടാകുന്നു എന്നതാണ്. Home Work നും Assignment നും കൊടുക്കാത്ത പ്രാധാന്യം കമിതാക്കൾ SMS അയക്കുന്നതിന് കൊടുക്കാറുണ്ട്.

സ്നേഹത്തിന്റെ ഉദാത്ത മാതൃകയായിരുന്നു കമലാ സുരയ്യ. Life & Works of Kamala Surayya എന്ന വിഷയത്തിൽ PHD എടുക്കുന്നതിലൂടെയാണ് കമലാ സുരയ്യയെ അടുത്തറിയുന്നത്. പടച്ചട്ടയണിയാതെ പടക്കളത്തിലേക്ക് പാഞ്ഞടുക്കുന്ന പടയാളിയുടെ അവസ്ഥയായിരുന്നു കമാല സുരയ്യയുടേത്. പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലായിരുന്നെങ്കിലും വിദ്യാസമ്പന്നയായിരുന്നു അവർ. IMAGE-നെ ഭയപ്പെടാതെ ഉള്ളം തുറന്നെഴുതാൻ മടി കാണിക്കാത്ത സാഹിത്യകാരിയായിരുന്നു കമലാ സുരയ്യ. ഇംഗ്ലീഷ് വായിക്കുന്ന മലയാളികളും വിദേശികളും കമലയിലെ സ്നേഹ്ത്തെ മനസ്സിലാക്കി. ഒരു പെണ്ണെഴുത്തുകാരിയായി അറിയപ്പെടാൻ അവർ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ആണില്ലാത്ത ലോകം അവരുടേതായിരുന്നില്ല. "There is enough space for women in this world" എന്ന അവരുടെ വചനം ജീവിതം കൊണ്ട് തെളിയിക്കുകയായിരുന്നു അവർ. മലയാള ലോകം അവരെ തിരിച്ചറിഞ്ഞിരുന്നില്ല. അതുകൊണ്ട് തന്നെ അവരുടെ മരണാനന്തര ചടങ്ങ് മലയാളിയുടെ പശ്ചാത്താപം തന്നെയാണ്. അല്ലാതെ കാപട്യമല്ല. സ്നേഹമായിരുന്നു അവരുടെ ജീവിതം.

സ്നേഹത്തിന്റെ അദൃശ്യ സാന്നിധ്യം മറ്റ് കാമ്പസുകളിൽ നിന്ന് ഫാറൂഖ് കോളേജിനെവ്യത്യസ്തമാക്കുന്നു. സംസ്കാരത്തിന്റെ അളവുകോൽ കൃത്യമായി തിട്ടപ്പെടുത്തിയ കാമ്പസ് രാഷ്ട്രീയം സമൂഹത്തിന്റെ രക്ഷകനാണ് എന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ്. ഫാറൂഖ് കോളേജ്. അതിന് തെളിവ് രാഷ്ട്രീയക്കാർക്കിടയിലെ ആദരവും സൗഹൃദവും ആണ്. ആരെയും കൈ നീട്ടി സ്വീകരിക്കുന്ന കോഴിക്കോടിന്റെ മനസ്സ് കാമ്പസ്സിൽ തെളിഞ്ഞ് കാണുന്നു. സ്നേഹത്തിന്റെ അദൃശ്യ സാന്നിധ്യം ഫാറൂഖ് കോളേജിനെഅനന്തവിഹായസുകളിൽ കൊണ്ടെത്തിക്കും. അതൊരു സർവകലാശാലയായി മാറും. ചരിത്രമുറങ്ങുന്ന മലബാറിൽ ഗവേഷണ പഠനങ്ങൾക്ക് ഇനിയും സാധ്യതയേറെയാണ്. കോളേജിൽ കൂടുതൽ റിസേർച്ച് പ്രോഗ്രാംസ് വരേണ്ടതായുണ്ട് കൂടാതെ റിസേർച്ച് ആയി എടുക്കുകയും വേണം.

എം. ജി. എസ് നാരായണൻ/ മുഹമ്മദ് മുസ്തഫ. കെ.ടി



# എം.ജി.എസിന്റെ കൂടെ

വിദ്യാഭ്യാസത്തിന്റെ ആവശ്യകത അത്രയൊന്നും പ്രസക്തമല്ലാത്ത ഒരു കാലഘട്ടമാണ് എന്റെ ബാല്യകാലം. സാമൂഹികപരവും സാമ്പത്തികപരവുമായ പശ്ചാത്തലങ്ങൾ ഏവർക്കും വിദ്യാഭ്യാസം ലഭിക്കുന്നതിന് തടസമായ ഒരു കാലഘട്ടത്തിൽ പഠിക്കാൻ സാധിച്ചുവെന്നത് എന്നെ സംബന്ധിച്ചടത്തോളം ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. പൊന്നാനി ഹൈസ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷമാണ് ഞാൻ ഫാറുഖ് കോളേജിലെത്തുന്നത്. 1949ൽ രണ്ടാം ബാച്ചിലാണ് ഞാൻ ചേരുന്നത്. എക്കണോമിക്സാണ് ഞാൻ പ്രധാനവിഷയമായി എടുത്തത്.

ഫാറൂഖ് കോളേജ് തുടങ്ങിയ കാലഘട്ടമാണത്. ഒരു വലിയ ഹാളിൽ രണ്ട് ക്ലാസ് റൂമുകൾ മാത്രമാണ് ഉണ്ടായിരുന്നത്. കുറുക്കന്മാരുടെ ഓരിയിടലുകളും കശുമാവിന്റെ തണലും ഇന്നും മനസ്സിൽ മായാതെ കിടക്കുന്ന ഓർമകളാണ്. വിശാലമായ ആ മൊട്ടക്കുന്നിനെഫാറൂഖാബാദെന്ന മഹാ സൗധമാക്കി ഉയർത്താൻ അക്ഷീണം പ്രയത്നിച്ച സൈദ് മൊഹ്യുദ്ദീൻ ഷാ ആണ് അന്നത്തെ പ്രിൻസിപ്പാൾ. വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രമുള്ളതിനാൽ എല്ലാവരേയും അദ്ദേഹത്തിന് വ്യക്തമായി അറിയാമായിരുന്നു. മാത്രമല്ല വിദ്യാർത്ഥികളുമായി നല്ലൊരു സുഹൃത് ബന്ധം സ്ഥാപിച്ചെടുക്കാനും ആവശ്യമായ ഉപദേശങ്ങൾ നൽകാനും അദ്ദേഹം മനസ്സുകാണിച്ചിരുന്നു. അതു കൊണ്ട് തന്നെ ഒരിക്കലും മറക്കാനാവാത്ത ഒരു മുഖമാണ് അദ്ദേഹത്തിന്റേത്.

എക്കണോമിക്സിന്റെ ആദ്യത്തെ ബാച്ചിൽ കരീം, മാധവൻ മേനോൻ, മുഹമ്മദ് തുടങ്ങിയ നാല് വിദ്യാർത്ഥികൾ മാത്രമാണ് ഉണ്ടായിരുന്നത്. അതു പോലെ തന്നെ രണ്ടാമത്തെ ബാച്ചിൽ ഞാനും എൻ. പി ദാമോദരനും രാഘവൻ പണിക്കരുമടക്കം മൊത്തം പതിനാല് വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത് (എൻ. പി ദാമോദരനും രാഘവൻ പണിക്കരും സ്വതന്ത്ര്യ സമരത്തിൽ പങ്കെടുക്കാനായി ഇടയ്ക്ക് വെച്ച് പഠനം നിർത്തിയവരായിരുന്നു. അതിന് ശേഷമാണ് ഫാറൂഖ് കോളേജിൽ വന്ന് ചേരുന്നത്). ഞങ്ങളുടെ സീനിയർ വിദ്യാർത്ഥികളുമായി നല്ല ഹൃദയബന്ധം സ്ഥാപിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ന് റാഗിംങിനെകുറിച്ചുള്ള വാർത്തകൾ കേൾക്കുമ്പോൾ അന്നത്തെ ഹൃദ്യമായ സീനിയർ-ജൂനിയർ ബന്ധത്തെ പറ്റി ഓർത്തുപോവുന്നു. ഫറോക്ക് റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങി കോളേജ് വരെയുള്ള നാലഞ്ച് കിലോമീറ്ററുകൾ സഞ്ചരിക്കുന്നത് സീനിയർ വിദ്യാർത്ഥികളുടെ കൂടെയായിരിക്കും. നടത്തത്തിന്റെ ക്ഷീണം മാറ്റാൻ തമാശ പറയുന്നത് വഴിയോരങ്ങളിൽ വിശ്രമിക്കുന്നതും ഇന്നലെയെന്നോണം ഓർമയിൽ തെളിയുന്നു. പിന്നീടെപ്പോഴോ സുഹൃത്തുകളുടെ പ്രേരണ പ്രകാരം കോളേജിനടുത്ത് ഓലമേഞ്ഞ വീട്ടിലെ ഒരു മുറി വാടകയ്ക്കെടുത്ത് താമസമതിലേക്ക് മാറ്റി.

അന്നത്തെ അധ്യാപകരുമായും ഓഫീസ് ജോലിക്കാരുമായും നല്ല ബന്ധമായിരുന്നു. അധ്യാപകരെ കുറിച്ചോർക്കുമ്പോൾ രണ്ടു ഷുക്കൂറുമാരുടെ മുഖങ്ങൾ മനസ്സിൽ തെളിഞ്ഞ് വരുന്നു. മൈസൂർ ഷുക്കൂറും പിന്നെ മറ്റൊരു ഷുക്കൂറും. അതു പോലെ തന്നെ ഓഫിസിലുണ്ടായിരുന്ന മുഹമ്മദ്ക്കയെ പോലെയുള്ള ജീവനക്കാരും ഞങ്ങൾക്ക് വേണ്ടി ഒരുപാട് സഹായങ്ങൾ ചെയ്തു തന്നിട്ടുണ്ട്.

എനിക്ക് ഒരു വർഷം മാത്രമേ ഫാറൂഖ് കോളേജിൽ പഠിക്കാൻ സാധിച്ചിട്ടുള്ളൂ. വീട് മുതൽ ഫറോക്ക് വരെ ഒറ്റക്കാണ് ഞാൻ യാത്ര ചെയ്യുന്നത് എന്നറിയാവുന്ന എന്റെ സുഹൃത്തുകൾ, അവർ പഠിച്ചു കൊണ്ടിരിക്കുന്ന കേരളവർമ്മ കോളേജിൽ ചേരാൻ എന്നെ ക്ഷണിച്ചു. എന്നാൽ ഫാറൂഖാബാദിന്റെ മുറ്റത്ത് നിന്നും പറിച്ച് നടപ്പെടാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല. എങ്കിലും സുഹൃത്തുകളുടെ നിർബന്ധത്തിന് വഴങ്ങി കേരളവർമ്മ കോളേജിൽ ചേരേണ്ടി വന്നു. കേരളവർമ്മ കോളേജിൽ വിദ്യാർത്ഥികൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടായിരുന്നു. എങ്കിൽ പോലും ഫാറൂഖ് കോളേജിലെ നിറപ്പകിട്ടാർന്ന ദിനങ്ങൾ മനസ്സിൽ നിന്നും മാഞ്ഞിരുന്നില്ല. അന്ന് കോളേജുകളും വിദ്യാർത്ഥികളുമൊക്കെ കുറവായതിനാൽ അഡ്മിഷൻ എടുക്കാൻ സർട്ടിഫിക്കറ്റുകളൊന്നും ആവശ്യമുണ്ടായിരുന്നില്ല. അതിനാൽ തന്നെ എസ്. എസ്. എൽ.

> കുറുക്കന്മാരുടെ ഓരിയിടലുകളും കശുമാവിന്റെ തണലും ഇന്നും മനസ്സിൽ മായാതെ കിടക്കുന്ന ഓർമകളാണ്. വിശാലമായ ആ മൊട്ടക്കുന്നിനെഫാറൂഖാബാദെന്ന മഹാസൗധമാക്കി ഉയർത്താൻ അക്ഷീണം പ്രയത്നിച്ച സൈദ് മൊഹ്‌യുദ്ദീൻ ഷാ ആണ് അന്നത്തെ പ്രിൻസിപ്പാൾ. വളരെ കുറച്ച് വിദ്യാർത്ഥികൾ മാത്രമുള്ളതിനാൽ എല്ലാവരേയും അദ്ദേഹത്തിന് വ്യക്തമായി അറിയാമായിരുന്നു.




സി ബുക്കൊന്നും വാങ്ങാതെയാണ് ഫാറൂഖ് കോളേജിൽ നിന്നും കേരളവർമ്മ കോളേജിൽ പോയി ചേർന്നത്. പിന്നീടെപ്പോഴോ എസ്. എസ്. എൽ. സി ബുക്കിന്റെ കാര്യം ഞാൻ പാടെ മറന്നുപോയി. 19 വർഷങ്ങൾക്ക് ശേഷം ഫാറൂഖ് കോളേജിലെ മുഹമ്മദ്ക്ക റിട്ടയർ ആകുന്ന സമയത്ത് തന്റെ മേശയും വലിപ്പുമൊക്കെ വൃത്തിയാക്കുന്നതിനിടയ്ക്ക് എന്റെ എസ്. എസ്. എൽ. സി ബുക്ക് ലഭിക്കുകയും മുൻകാല ബന്ധത്തിന്റെ അടിസ്ഥാനത്തിൽ എനിക്ക് അയച്ചു തരികയും ചെയ്തു.

ഞാൻ ഫാറൂഖ് കോളേജിൽ പഠിക്കുന്ന സമയത്ത് ഒരു പെൺകുട്ടി പോലും അവിടെ പഠിച്ചിരുന്നില്ല. എന്നാൽ ഇന്ന് ഫാറൂഖ് കോളേജിൽ 70 ശതമാനം പെൺകുട്ടികളാണ് എന്നറിയുമ്പോൾ സമൂഹത്തിൽ രൂപപ്പെട്ട വിപ്ലവത്തിന്റേയും സ്ത്രീ ശാക്തീകരണത്തിന്റേയും നേർകാഴ്ചയെ ബോധ്യപ്പെടുന്നു. കലാ-കായിക രംഗങ്ങളിൽ വിദ്യാർത്ഥിനികളുടെ സാന്നിധ്യമാണ് ഫാറൂഖ് കോളേജിന്റെ നേട്ടങ്ങൾക്ക് പ്രധാനകാരണമെന്നത് ഓർമിക്കപ്പെടേണ്ട വസ്തുതയാണ്.

ഒരു വർഷം മാത്രമാണ് ഫാറൂഖ് കോളേജിൽ പഠിച്ചതെങ്കിലും എന്നെ ഞാനാക്കിയത്, എന്നെ പഠിക്കാൻ പ്രേരിപ്പിച്ചത് ഫാറൂഖ് കോളേജും അവിടുത്തെ അധ്യാപകരും സുഹൃത്തുക്കളുമാണ്. അന്നത്തെ മൊട്ടക്കുന്നിൽ നിന്ന് ഇന്ത്യയൊട്ടും അറിയപ്പെടുന്ന, പ്രശസ്തരായ നിരവധി സന്താനങ്ങളെ സൃഷ്ടിച്ച ഒരു മഹത് കലാലമായി ഫാറൂഖ് കോളേജ് വളർന്നപ്പോൾ സന്തോഷിക്കുന്നത് ഞങ്ങളെ പോലെയുള്ള പൂർവ്വവിദ്യാർത്ഥികളാണ്. മാധ്യമങ്ങളിൽ ഫാറൂഖാബാദിന്റെ നേട്ടങ്ങളെ വാനോളം പുകയ്ത്തുമ്പോൾ സന്തോഷം കൊണ്ട് കണ്ണുകൾ നിറഞ്ഞ് പോവാറുണ്ട്. ഇനിയുമൊരുപാട് ഉയരങ്ങൾ കീഴടക്കേണ്ടതുണ്ട്. അതിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

വി. വി ദക്ഷിണമൂർത്തി / ജമാലുദ്ദീൻ. ടി



# മൂർത്തിയോടൊപ്പം

ഒരു വ്യക്തിയുടെ ജീവിതത്തിൽ ഒരിക്കലും മാഞ്ഞുപോകാത്ത ഓർമ്മയാണ് വിദ്യാഭ്യാസ ഘട്ടത്തിലെ അനുഭവങ്ങൾ. എന്റെ സ്ക്കൂൾ വിദ്യാഭ്യാസം 1948 മുതൽ 1952 മാർച്ച് വരെ പേരാമ്പ്ര ഹൈസ്ക്കൂളിലായിരുന്നു. 1952 ജൂണിൽ ഗുരുവായൂരപ്പൻ കോളേജിൽ ഇന്റർമീഡിയറ്റ് ക്ലാസ്സിൽ ചേർന്ന് പഠനം തുടർന്നു. എസ്.എസ്.എൽ.സിക്ക് ഗണിതശാസ്ത്രത്തിൽ 80 ശതമാനം മാർക്ക് ലഭിച്ചിരുന്നെങ്കിലും ചരിത്രവിഷയമാണ് താൽപര്യപൂർവ്വം തെരെഞ്ഞെടുത്തത്. അന്നത്തെ പ്രിൻസിപ്പാൾ ഗോപാല മേനോൻ മാത്തമാറ്റിക്സ് പഠിക്കാൻ ഉപദേശിച്ചത് സ്വീകാര്യമായി തോന്നിയില്ല. ഇന്റർമീഡിയറ്റ് പാസ്സായതിനുശേഷം ബി.എക്ക് അവിടെത്തന്നെ അപേക്ഷ സമർപ്പിച്ചെങ്കിലും പ്രിൻസിപ്പൽ എൻ.ടി മാധവൻ നമ്പ്യാർ സീറ്റ് നൽകിയില്ല. . അങ്ങനെയാണ് ഫാറൂഖ് കോളേജിൽ ഡിഗ്രിക്ക് പഠിക്കാൻ ഇടയായത്. അതിൽ അൽപ്പം പോലും ദു:ഖമില്ല. സന്തോഷം തോന്നുന്നുമുണ്ട്. ഫാറൂഖ് കോളേജിൽ അക്കാലത്ത് പ്രവേശനം ലഭിക്കുകയെന്നത് പ്രശ്നമേ ആയിരുന്നില്ല. സൈദ് മൊയ്തീൻ ഷാ ആയിരുന്നു ഫാറൂഖ് കോളേജിലെ പ്രിൻസിപ്പൽ.

ഇന്റർമീഡിയറ്റ് പാസ്സായതിനുശേഷം ബി.എക്ക് അവിടെത്തന്നെ അപേക്ഷ സമർപ്പിച്ചെങ്കിലും പ്രിൻസിപ്പൽ എൻ.ടി മാധവൻ നമ്പ്യാർ സീറ്റ് നൽകിയില്ല. . അങ്ങനെയാണ് ഫാറൂഖ് കോളേജിൽ ഡിഗ്രിക്ക് പഠിക്കാൻ ഇടയായത്.

സർക്കാർ കോളേജിൽ നിന്നും ഡെപ്യൂട്ടേഷൻ വാങ്ങിയാണ് അദ്ദേഹം പ്രൈവറ്റ് കോളേജിലെ പ്രിൻസിപ്പലായത്.

1954 ജൂണിലാണ് ഫാറൂഖ് കോളേജിൽ ഡിഗ്രിക്ക് ചേർന്നത്. ഫോർത്ത് ഗ്രൂപ്പാണ് തെരഞ്ഞെടുത്തത്. 1954ൽ തന്നെ ഷായുടെ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചു. ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കാൻ മാനേജ്മെന്റിന് താൽപര്യമില്ലായിരുന്നു. തുടർന്നാണ് കെ.എ ജലീൽ പ്രിൻസിപ്പലായി നിയമിത നായത്. ഷാ തുടരണമെന്നാവശ്യപ്പെട്ട് ഭൂരിപക്ഷം വിദ്യാർത്ഥികളും ഒരാഴ്ച്ച ക്കാലം പഠിപ്പുമുടക്കം നടത്തി. മാനേജ്മെന്റ് വഴങ്ങിയില്ല. വിദ്യാർത്ഥി സമരം നിരുപാധികം പിൻവലിക്കുകയായിരുന്നു. സമരത്തിന്റെ വിശദാംശങ്ങളിലേ ക്കൊന്നും കടന്നുപോവാൻ ആഗ്രഹിക്കുന്നില്ല. കോളേജ് യൂണിയൻ തെരഞ്ഞെ ടുപ്പിൽ ഇ വാസുവും ഞാനും യൊജിച്ച് ഒരു പാനലായി മത്സരിച്ചു. യൂണിയൻ സെക്രട്ടറിയായി ഇ വാസുവും (പ്രസിദ്ധ നോവലിസ്റ്റ്) മലയാളം അസോസിയേ ഷൻ സെക്രട്ടറിയായി ഞാനും തെരഞ്ഞെടുക്കപ്പെട്ടു. അസോസിയേഷന്റെ ഉദ്ഘാ ടനം ആ വർഷം വയലാർ രാമവർമ്മയാണ് നിർവഹിച്ചത്. അതൊക്കെ ആവേശക രമായ അനുഭവങ്ങളായിരുന്നു.

ഇംഗ്ലീഷ് സാഹിത്യമാണ് പ്രിൻസിപ്പൽ കെ.എ ജലീൽ കൈകാര്യം ചെയ്തത്. കെ.എൻ നാരായണ മേനോൻ, എ.പി.പി നമ്പൂതിരി എന്നിവരായിരുന്നു മലയാളം അധ്യാപകർ. പ്രൊഫസർ അബ്ദുറഹിമാൻ മോഡേൺ ഹിസ്റ്ററി ക്ലാസാ യിരുന്നു എടുത്തത്. പ്രൊഫസർ എം. മുഹമ്മദ് മറ്റൊരു ഇംഗ്ലീഷ് അധ്യാപ കനായിരുന്നു. പ്രൊഫസർ ടി. അബ്ദുല്ലയും അവിടെ അധ്യാപകനായി ജോലി നോക്കിയിരുന്നു.

പഠിക്കാൻ പറ്റിയ ഏറ്റവും മികച്ച അന്തരീക്ഷമാണ് ഫാറൂഖ് കോളേജിലേത്. പട്ടണമധ്യത്തിൽ നിന്നകലെ ശാന്തമായ ചുറ്റുപാടുള്ള ഒരു പ്രദേശം. യാത്രാ സൗകര്യം വളരെ കുറവായിരുന്നു. അന്ന് സിനിമ കാണാനോ ചുറ്റിയടിക്കാനോ കുട്ടികൾ പോകാറുണ്ടായിരുന്നില്ല. മലബാർ ഐക്യവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകരായി മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പഠിക്കാനെത്തിയ നിരവധി വിദ്യാർത്ഥികളുണ്ടായിരുന്നു. അത് കൊണ്ടാണ് ഞാനും വാസുവുമൊക്കെ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. ഒരാഴ്ചക്കാലത്തെ പഠിപ്പുമുടക്കിൽ ഞങ്ങളും പങ്കെടുത്തിരുന്നു എന്നത് ഓർക്കാതിരിക്കാനാവില്ല. സമരത്തിന്റെ നേതൃത്വം ഐ. എസ്.ഒ എന്ന സംഘടനക്കായിരുന്നു. ഗോപിനാഥനായിരുന്നു അതിന്റെ ലീഡർ. കോളേജിൽ സംഘടനാ പ്രവർത്തനം അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന

പഠിക്കാൻ പറ്റിയ ഏറ്റവും മികച്ച അന്തരീക്ഷമാണ് ഫാറൂഖ് കോളേജിലേത്. പട്ടണ മധ്യത്തിൽ നിന്നകലെ ശാന്ത മായ ചുറ്റുപാടുള്ള ഒരു പ്രദേ ശം. യാത്രാ സൗകര്യം വളരെ കുറവായിരുന്നു. അന്ന് സിനിമ കാണാനോ ചുറ്റിയടിക്കാനോ കുട്ടികൾ പോകാറുണ്ടായിരു ന്നില്ല.



പരാതി അധ്യാപകർക്കുണ്ടായിരുന്നില്ല എന്നാണെന്റെ ഓർമ. എം.പി ഗംഗാധരൻ, പി.എം അബൂബക്കർ എന്നിവരൊക്കെ ഫാറൂഖ് കോളേജിലെ വിദ്യാർത്ഥികളായിരുന്നു. മുഴുവൻ സഹപാഠികളുടെയും പേരുകൾ ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നില്ല.

അന്നത്തെ പ്രിൻസിപ്പൽ കെ.എ ജലീൽ പിന്നീട് കാലിക്കറ്റ് യൂനിവേഴ്സിറ്റി വൈസ് ചാൻസലറായി. ഞാൻ യൂനിവേഴ്സിറ്റി സിൻഡിക്കേറ്റിൽ അംഗമായി. ഫാറൂഖ് കോളേജിൽ പുതിയ കോഴ്സുകൾ ശുപാർശ ചെയ്യാനുള്ള സിൻഡിക്കേറ്റിലെ അംഗമെന്ന നിലയിൽ പലതവണ കോളേജ് സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോഴൊക്കെ തികഞ്ഞ അഭിമാനബോധത്തോടെയും സന്തോഷത്തോടെയുമാണ് അവിടേക്ക് കടന്നുചെന്നത്. പുതിയ ക്ലാസുകളും കോഴ്സുകളും വേണ്ടത്ര സൗകര്യമുള്ളത് കൊണ്ട് കോഴ്സുകൾ ശുപാർശ ചെയ്യാൻ ഒരു പ്രയാസവും അനുഭവപ്പെടേണ്ടി വന്നിട്ടില്ല. മാനേജ്മെന്റിന്റെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂട്ടായശ്രമം മൂലം ഫാറൂഖ് കോളേജ് മലബാറിലെ മികവുറ്റ ഒരു വിദ്യാഭ്യാസ സ്ഥാപനമായി, വിദ്യാർത്ഥികളുടെ ആശാകേന്ദ്രമായി വളർന്നു കാണുന്നതിൽ പൂർവ്വവിദ്യാർത്ഥികളായ ഞങ്ങൾക്കെല്ലാം തികഞ്ഞ അഭിമാനം തോന്നുന്നുണ്ട്.

ഞാൻ യൂനിവേഴ്സിറ്റി സിൻഡിക്കേറ്റിൽ അംഗമായി. ഫാറൂഖ് കോളേജിൽ പുതിയ കോഴ്സുകൾ ശുപാർശ ചെയ്യാനുള്ള സിൻഡിക്കേറ്റിലെ അംഗമെന്ന നിലയിൽ പലതവണ കോളേജ് സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോഴൊക്കെ തികഞ്ഞ അഭിമാനബോധത്തോടെയും സന്തോഷത്തോടെയുമാണ് അവിടേക്ക് കടന്നുചെന്നത്.

മുനവ്വറലി ശിഹാബ് തങ്ങൾ/നിഹാദ് മോൻ



# മുനവ്വറലി തങ്ങൾക്കൊപ്പം

ഫാറൂഖാബാദിലെ എന്റെ കാമ്പസ് ജീവിതം 1995 മുതൽ 1998 വരെയുള്ള മൂന്ന് വർഷക്കാലമായിരുന്നു. ദക്ഷിണേന്ത്യൻ അലിഗഢ് എന്നറിയപ്പെടുന്ന ഫാറൂഖ് കോളേജിൽ ഇംഗ്ലീഷ് സാഹിത്യ ബിരുദ വിദ്യാർത്ഥിയായി പഠിക്കാൻ സാധിച്ചു എന്നത് എന്റെ ജീവിതത്തിലെ ഭാഗ്യമായി ഞാൻ കരുതുന്നു. അന്നത്തെ കാമ്പസിനെകുറിച്ചോർക്കുമ്പോൾ നിറമുള്ള ഒത്തിരി നല്ല ഓർമ്മകൾ മനസ്സിലേക്ക് കടന്നുവരുന്നു.

എന്റെ കലാലയ ജീവിതത്തിലെ വഴികാട്ടികളായിരുന്ന അധ്യാപകരെക്കുറിച്ചുള്ള സ്മരണകൾ ഇളംതെന്നൽ പോലെ തഴുകിയെത്തുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഫാറൂഖാബാദിലെ ജീവിതത്തിലൂടെ എനിക്ക് ലഭിച്ച ഏറ്റവും വലിയ നേട്ടം ഒത്തിരി നല്ല അധ്യാപകരുമായി ഹൃദയബന്ധം കാത്തുസൂക്ഷിക്കാൻ പറ്റി എന്നതാണ്. ജയപ്രകാശ് സാർ, ഷാഹുൽ ഹമീദ് സാർ തുടങ്ങിയ അധ്യാപകരോടും അന്നത്തെ പ്രിൻസിപ്പാൾ ആയിരുന്ന മുബാറക് പാഷ സാറോടും ഇന്നും നല്ല ബന്ധം കാത്തുസൂക്ഷിക്കുന്നു.

ഫാറൂഖാബാദ് എനിക്ക് സമ്മാനിച്ച മറ്റൊരു സുവർണ്ണ കാലഘട്ടമാണ് എ.എൽ.എം ഹോസ്റ്റലിലെ ജീവിതം. യഥാർത്ഥത്തിൽ ഒരു കാമ്പസിനെഅടുത്തറിയാനും ആസ്വദിക്കാനും ഹോസ്റ്റലിൽ താമസിച്ചു പഠിക്കണം. സീനിയർ-ജൂനിയർ ഭേദമില്ലാതെ പി.ജി-ഡിഗ്രി-പ്രീ ഡിഗ്രി വിദ്യാർത്ഥികൾ ഒരേ മനസ്സോടെ കാമ്പസിന്റെ ഭാഗമായി ജീവിക്കുന്നത് ഹോസ്റ്റലിൽ മാത്രമാണ്. ശക്തമായ സുഹൃത് വലയങ്ങൾ ഹോസ്റ്റലിന്റെ

പ്രത്യേകതയാണ്. ലക്ഷദ്വീപുകാരനായ അൻവർ സ്വാലിഹ് ഹോസ്റ്റലിലും കോളേജിലും എന്റെ ഉറ്റ സുഹൃത്തായിരുന്നു. ഒഴിവു സമയങ്ങളിലെ ഹോസ്റ്റലുകൾ തമ്മിലുള്ള വാശിയേറിയ ക്രിക്കറ്റ്-ഫുട്ബോൾ മത്സരങ്ങൾ ഇന്നും ആവേശത്തോടെ സ്മരിച്ച് പോകുന്നു.

മാതൃകാപരമായ കലാലയ രാഷ്ട്രീയമാണ് ഫാറൂഖ് കോളേജിലെ വിദ്യാർത്ഥി നേതാക്കൾ കാണിച്ചു തന്നിരുന്നത്. അക്രമ സ്വഭാവമില്ലാത്ത, അതേ സമയം സ്വത്വ ബോധം നഷ്ടപ്പെടാത്ത നേരറിവിന്റെ രാഷ്ട്രീയത്തേയാണ് ഫാറൂഖാബാദ് എന്നും സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പാഠ്യ-പാഠ്യേതര മേഖലകളിൽ മാതൃകാപരമായ നേട്ടങ്ങൾ നേടിയെടുക്കാനുള്ള പ്രവർത്തനങ്ങളും യൂണിയൻ പരിപാടികളിലെ വ്യത്യസ്തതയും ക്രിയാത്മകമായ പ്രവർത്തനങ്ങളുമെല്ലാം ഫാറൂഖാബാദിന്റെ മാത്രം പ്രത്യേകതകളാണ്. കുടുംബപരമായി രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കുന്നവരാണെങ്കിലും ഞാൻ ഏതെങ്കിലും പാർട്ടിയുടെ ഭാരവാഹിയോ യൂണിയൻ പ്രതിനിധിയോ ആയിട്ടില്ല. എന്നിരുന്നാലും കോളേജ് യൂണിയൻ ഇലക്ഷൻ വരുമ്പോൾ സ്ഥാനാർത്ഥികളുടെ നോമിനേഷൻ പൂരിപ്പിക്കുന്നതടക്കമുള്ള ഓഫീസ് വർക്കുകളിൽ ഞാൻ സജീവമായി ഇടപെട്ടിരുന്നു. അന്നത്തേതിൽ നിന്നും വ്യത്യസ്തമായി ലോകത്തിന്റെ തുടിപ്പിനെഅടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളാണ് കലാലയങ്ങളിൽ ഇന്നുള്ളത് എന്ന് ഞാൻ മനസ്സിലാക്കുന്നു. പ്രത്യേകിച്ച് യുവത്വത്തിന് ഊന്നൽ നൽകുന്ന നവസാമൂഹിക വ്യവസ്ഥിതിയിൽ കലാലയ രാഷ്ട്രീയത്തിൽ ഉന്നതമൂല്യങ്ങളുണ്ട് എന്നും ഞാൻ വിശ്വസിക്കുന്നു.

ധാർമ്മിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന വിദ്യാർത്ഥികളാണ് ഫാറൂഖാബാദിന്റെ മറ്റൊരു പ്രത്യേകത. ഒരു പക്ഷേ ഏറ്റവുമധികം ധാർമ്മികത നിലനിൽക്കുന്ന ഒരു കലാലയമാണ് ഫാറൂഖ് കോളേജ്. മതപരമായ ഒരുപാട് വേദികൾ ഇവിടെ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. ആരാധനാലയങ്ങളും വിവിധ ക്ലബ്ബുകളും ഫാറൂഖ് കോളേജിന്റെ ധാർമ്മിക അടിത്തറക്ക് കെട്ടുറപ്പു നൽകുന്നു.

ധാർമ്മിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കുന്ന വിദ്യാർത്ഥികളാണ് ഫാറൂഖാബാദിന്റെ മറ്റൊരു പ്രത്യേകത. ഒരു പക്ഷേ ഏറ്റവുമധികം ധാർമ്മികത നിലനിൽക്കുന്ന ഒരു കലാലയമാണ് ഫാറൂഖ് കോളേജ്.

പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയാണ് ഫാറൂഖാബാദിന്റെ പല നേട്ടങ്ങളുടെയും പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്. കേവലം രണ്ടോ മൂന്നോ വർഷത്തെ പഠനത്തിന് ശേഷം കോളേജിൽ നിന്നും വിട്ടുപോകുന്ന വിദ്യാർത്ഥികളല്ല ഇവിടെയുള്ളത്, മറിച്ച് പഠനകാലയളവിന് ശേഷവും കോളേജുമായി നിരന്തരം സമ്പർക്കം പുലർത്തുകയും കോളേജിന്റെ ഉയർച്ച ആഗ്രഹിക്കുന്നവരുമാണ്. കോളേജിൽ ഇന്ന് ലഭ്യമായ പല സൗകര്യങ്ങളും ലഭ്യമാക്കാൻ വേണ്ടി പരിശ്രമിച്ചിട്ടുള്ളത് പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ഫോസ'യാണ്. കൂടാതെ ഫാറൂഖാബാദ് എന്ന വികാരത്തിനു മുന്നിൽ ഒരു മന



സ്സോടെ നിൽക്കുന്ന ഒരു സമൂഹമാണ് ഒരു വലിയ കലാലയമായി ഉയർന്നു പറക്കാൻ സഹായകരമാകുന്നത്.

ഫാറൂഖ് കോളേജിനെ സംബന്ധിച്ചിടത്തോളം മലബാറിന്റെ വിദ്യാഭ്യാസ നവോഥാനത്തിന് ഏറ്റവുമധികം സംഭാവനനൽകിയ കലാലയമാണ്. ചരിത്രപരമായ കാരണങ്ങളാൽ പിന്നോക്കം പോയ ഒരു സമൂഹത്തിന് അസ്ഥിത്വം രൂപപ്പെടുത്തിയത് ഫാറൂഖ് കോളേജിന്റെ സാമൂഹിക പ്രവർത്തനങ്ങളാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാൻ വേണ്ടി ശക്തമായി നിലകൊണ്ട നേതാക്കളുടെ ദീർഘവീക്ഷണ ഫലമായാണ് ഫാറൂഖ് കോളേജ് മുഖേനസ്ത്രീ വിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്താൻ സാധിച്ചത്. മത്സരപരീക്ഷകളിലടക്കം സ്ത്രീകൾ മുന്നേറുന്നത് ഫാറൂഖാബാദിന്റെ പ്രവർത്തനഫലമായാണ്. മാത്രമല്ല 70 ശതമാനം പെൺകുട്ടികളാണ് ഇവിടെ പഠിക്കുന്നത് എന്നത് ഇതിനോട് കൂട്ടിവായിക്കേണ്ട സംഗതിയാണ്.

സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാൻ വേണ്ടി ശക്തമായി നിലകൊണ്ട നേതാക്കളുടെ ദീർഘവീക്ഷണ ഫലമായാണ് ഫാറൂഖ് കോളേജ് മുഖേനസ്ത്രീ വിദ്യാഭ്യാസത്തെ ത്വരിതപ്പെടുത്താൻ സാധിച്ചത്.

ഫാറൂഖിന്റെ സ്ഥാപക നേതാക്കൾ സ്വപ്നം കണ്ടതിനെസാധൂകരിക്കുന്ന പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളത്. എങ്കിലും ഫാറൂഖ് കോളേജിന് ഇനിയും ഒരുപാട് മുന്നേറേണ്ടതുണ്ട്. അതിനു വേണ്ട എല്ലാ വിധ സഹായങ്ങളും ലഭ്യമാകാൻ വിദ്യയെ സ്നേഹിക്കുന്ന എല്ലാവരും മുന്നിട്ടിറങ്ങേണ്ടതുണ്ട്. ലോക രക്ഷിതാവ് ലക്ഷ്യസാക്ഷാത്കാരത്തിന് എല്ലാവിധ അനുഗ്രഹങ്ങളും ചൊരിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.